കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

## കുമ്പള ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്-2016-2017

ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്

E-mail: doksd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം. കെ.എസ്.എ/കെ.എസ്.ഡി-6 /732/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കാസർഗോഡ് -671123.

e-Mail : doksd.ksad@kerala.gov.in

Phone : 0499 4256690.

തീയതി.05-07-2017.

ഡെപ്യൂട്ടി ഡയറക്ടർ.

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

കുമ്പള ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം: കുമ്പള ഗ്രാമപഞ്ചായത്ത്-2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട്– സംബന്ധിച്ച്

**************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കുമ്പള ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു. ഈ റിപ്പോർട്ടിലെ ഭാഗം 2, ഭാഗം 3 എന്നിവയിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ
സംസ്ഥാന ഓഡിറ്റ് വകുപ്പ്

പകർപ്പ് :

1) കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഇ മെയിൽ മുഖേന)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കാസറഗോഡ് ജില്ല
3)കാര്യാലയ പകർപ്പ്.

നം.കെ.എസ്.എ/കെ.എസ്.ഡി-6/732/2017 തിയ്യതി:05.07.2017

## <u>കാസറഗോഡ് ജില്ലയിലെ കുമ്പള ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക</u>

# വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള

# ഓഡിറ്റ് റിപ്പോർട്ട്.

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

## ആമുഖം

കാസറഗോഡ് ജില്ലയിലെ കുമ്പള ഗ്രാമപഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 08.11.2016 മുതൽ 22.06.2017 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്ന് 01.04.2016മുതൽ 31.03.2017വരെ നടത്തിയ പണം പിൻവലിക്കൽ, അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി അനുവദിച്ച് കിട്ടിയ പദ്ധതി വിഹിതം, കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതം, സംസ്ഥാനാവിഷ്കൃത പദ്ധതി വിഹിതം, മറ്റ് ഏജൻസികളിൽ നിന്നുള്ള ധനസഹായം, വിവിധ വകുപ്പുകളിലൂടെ ലഭ്യമായ തുകകൾ എന്നിവയും പരിശോധനയ്ക്ക് വിധേയമാക്കുകയുണ്ടായി.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 16 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം.

| | | |
|---|---|---|
| ഓഡിറ്റിനു ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | രാജാരാമ.സി, ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിനു വിനിയോഗിച്ച സമയം | 23.06.2017 മുതൽ 03.07.2017 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | കിഷോർ. എ.ജി | ഓഡിറ്റ് ഓഫീസർ |
| | ജയാനന്ദ .എച്ച്. | അസി. ഓഡിറ്റ് ഓഫീസർ |
| | യാദവകുമാര.സി.എച്ച്, | അസി. ഓഡിറ്റ് ഓഫീസർ |
| | കുഞ്ഞികൃഷ്ണൻ.സകെ.സി | സീനിയർ ഗ്രേഡ് ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.പുണ്ഡരികാക്ഷ | 01.04.2016മുതൽ31.03.2017വരെ |

| | | |
|---|---|---|
| സെക്രട്ടറി | ശ്രീ.എൻ.ചന്ദ്രശേഖരൻ | 01.04.2016 മുതൽ 19.09.2016 വരെ |
| | ശ്രീ.ഷിജി,വി.വി.ജൂനിയർസൂപ്രണ്ട് (സെക്രട്ടറി.ഇൻചാർജ്.) | 20.09.2016 മുതൽ 30.09.2016 വരെ |
| | ശ്രീ.എൻ.ചന്ദ്രശേഖരൻ | 01.10.2016 മുതൽ 30.11.2016 വരെ |
| | ശ്രീ.എ.ആർ.പ്രശാന്ത് കുമാർ | 01.12.2016 മുതൽ 31.03.2017 വരെ |

(സി) നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസി.സെക്രട്ടറി | ഒഴിവ് | 01.04.2016മുതൽ14.02.2017വരെ |
| | ശ്രീ.വർഗ്ഗീസ്.ഇ.എ | 15.02.2017മുതൽ 31.03.2017വരെ |
| അസി.എഞ്ചിനിയർ | ശ്രീമതി.ശ്രുതി | 01.04.2016മുതൽ 14.10.2016വരെ |
| | ശ്രീ.ജനോവ | 15.10.2016മുതൽ 31.03.2017വരെ |
| കൃഷി ഓഫീസർ | ശ്രീ.ചവന നരസിംഹലു | 01.04.2016മുതൽ 31.03.2017വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി.ബിന്ദു | 01.04.2016മുതൽ 16.08.2016വരെ |
| | ശ്രീമതി.ശാന്ത കുമാരി | 17.08.2016മുതൽ 31.03.2017വരെ |
| വി.ഇ.ഒ. | ശ്രീ.ഷിന | 01.04.2016മുതൽ 31.03.2017വരെ |
| ഹെഡ്മാസ്റ്റർ | ശ്രീ.രാമചന്ദ്ര ഭട്ട് | 01.04.2016മുതൽ 31.03.2017വരെ |
| മെഡിക്കൽഓഫീസർ, ആയ്യൂർവേദം | ശ്രീ.ഡോ.മഹേഷ് | 01.04.2016മുതൽ 31.03.2017വരെ |
| മെഡിക്കൽഓഫീസർ, അലോപ്പതി. | ശ്രീ.ഡോ.സുബ്ബഗട്ടി | 01.04.2016മുതൽ 31.03.2017വരെ |
| മെഡിക്കൽഓഫീസർ, ഹോമിയോ. | ശ്രീമതി.ഡോ.രക്ഷ്മി | 01.04.2016മുതൽ 31.03.2017വരെ |

ഉള്ളടക്കം

| ക്രമ നം. | ഭാഗം 1 – പൊതു അവലോകനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |

| | | |
|---|---|---|
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധന | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | തൊഴിലുറപ്പ് പദ്ധതി അവലോകനം | 1-11 |
| 12 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-12 |
| | ഭാഗം 2 – വരവുകണക്കുളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 13 | തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്. | 2-1 |
| 14 | ഷോപ്പിംഗ് കോംപ്ലക്സ് വാടക മുഴുവനായും പിരിച്ചെടുത്തിട്ടില്ല. | 2-2 |
| 15 | ഡി.ആന്റ്.ഒ. ലൈസൻസ് ഫീസ് ഈടാക്കിയതിൽ കുറവ്. | 2-3 |
| 16 | ഡി.ആന്റ്ഒ.ലൈസൻസ് എടുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു. | 2-4 |
| 17 | പഞ്ചായത്ത് ഉടമസ്ഥതയിലുള്ള കെട്ടിടം വാടകയ്ക്ക് ഏറ്റെടുത്ത കച്ചവടക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. | 2-5 |
| 18 | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. | 2-6 |
| 19 | ഡിമാന്റ് രജിസ്റ്റർ- സംഗ്രഹം എഴുതി തയ്യാറാക്കിയിട്ടില്ല. | 2-7 |
| 20 | മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാകിയിട്ടില്ല. | 2-8 |

| | | |
|---|---|---|
| 21 | പരസ്യനികുതി. | 2-9 |
| 22 | പരസ്യനികുതി. | 2-10 |
| | ഭാഗം 3 – ചെലവുകണക്കുളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 23 | വിദ്യാർത്ഥിനികൾക്ക് നാപ്കിൻ വിതരണം -പദ്ധതി നടപ്പിലാക്കിയിട്ടില്ല. | 3-1 |
| 24 | വിവിധ പദ്ധതികൾക്കായി തുക കൈമാറിയത് - വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. | 3-2 |
| 25 | മൃഗ സംരക്ഷണം, ക്ഷീര വികസനം എന്നീ മേഖലകളിൽ പ്രോജക്ടുകൾ നടപ്പിലാക്കിയിട്ടില്ല. | 3-3 |
| 26 | ന്യൂട്രിമിക് ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധന നടത്തിയിട്ടില്ല. | 3-4 |
| 27 | തുക നൽകിയിട്ടും മരുന്നുകൾ ലഭ്യമായിട്ടില്ല. | 3-5 |
| 28 | ടാർ വാങ്ങുന്നതിന് തുക നൽകി , മുഴുവൻ തുകയ്ക്കും ടാർ ലഭിച്ചിട്ടില്ല. | 3-6 |
| 29 | തെരുവ് വിളക്കുകളുടെ സംയുക്ത പരിശോധന നടത്തിയിട്ടില്ല. | 3-7 |
| 30 | ജീപ്പിന്റെ ഇന്ധനക്ഷമത പരിശോധിക്കുനില്ല. | 3-8 |
| 31 | ദേശീയ വികലാംഗ പുനരധിവാസ പദ്ധതി-NPRPD ഫണ്ട് ചെലവഴിച്ചിട്ടില്ല. | 3-9 |
| 32 | യുനാനി ആശുപത്രിയിലേക്ക് വാങ്ങിയ സെമി ഓട്ടോമാറ്റിക്ക് ലാബ് മെഷിനും ലബോറട്ടറി ഉപകരണങ്ങളും ഉപയോഗിക്കാതെ ആശുപത്രിയിൽ കെട്ടി കിടക്കുന്നു. | 3-10 |
| 33 | മരുന്നുകൾ പ്രാഥമിക ആരോഗ്യ കേന്ദ്രത്തിന് ലഭിച്ചിട്ടില്ല | 3-11 |
| 34 | മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി -വേതന വിതരണത്തിൽ കുടിശ്ശിക. | 3-12 |
| 35 | പത്ര പരസ്യ ചാർജ്ജ് ഡിസ്കൗണ്ട് ലഭിച്ചിട്ടില്ല | 3-13 |
| 36 | ജി.ബി.എൽ.പി.എസ്.ഉജാർ ഉളവാർ പെഡഗോജിക്ക് പാർക്കിൽ | 3-14 |

| | | |
|---|---|---|
| | സി.സി.ടി.വി.സ്ഥാപിക്കൽ പദ്ധതിയിലെ അപാകത. | |
| 37 | പ്രൊജക്ടുകൾ സമയബന്ധിതമായി നടപ്പിലാക്കാത്തത് മൂലം പഞ്ചായത്തിന് 2.35 കോടി വിനിയോഗിക്കാൻ സാധിച്ചില്ല. | 3-15 |
| 38 | ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. | 3-16 |
| 39 | ആശ്രയ പദ്ധതി പ്രവർത്തനം മന്ദഗതിയിൽ - ചെലവഴിക്കുവാൻ അവശേഷിക്കുന്നത് 20,28,563/-ലക്ഷം രൂപ | 3-17 |
| 40 | തെരുവു വിളക്കുകൾ മുഴുവനും സ്ഥാപിച്ചിട്ടില്ല | 3-18 |
| | ഭാഗം 4 – പൊതു വിരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 41 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 42 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 43 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 44 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 45 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 46 | ഓഡിറ്റ് റിക്കവറി | 4-6 |
| 47 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ | 4-7 |
| 48 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 49 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 04.03.2016 ലെ ഭരണസമിതി തീരുമാനം നമ്പർ 56/16 പ്രകാരം അംഗീകരിക്കുകയുണ്ടായി . ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ്, ചെലവ് വിശദാംശം ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 1,86,76,125 |
| വരവ് | 28,94,15,000 |
| ആകെ | 30,80,91,125 |
| ചെലവ് | 28,17,74,600 |
| നീക്കിയിരിപ്പ് | 2,63,16,525 |

ഓഡിറ്റ് വർഷത്തെ പുതുക്കിയ ബജറ്റ് 30.03.2017ലെ ഭരണസമിതി തീരുമാനം നമ്പർ 1/17 പ്രകാരം അംഗീകരിക്കുകയുണ്ടായി.പുതുക്കിയ ബജറ്റ് പ്രകാരമുള്ളതും വരവ് ചെലവ് വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 1,27,48,913 |
| വരവ് | 12,67,18,884 |
| ആകെ | 13,94,67,797 |
| ചെലവ് | 12,24,78,702 |
| നീക്കിയിരിപ്പ് | 1,69,89,095 |

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2017 | 07.06.2017 | ഇല്ല | ഇല്ല |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

ഓഡിറ്റ്സർട്ടിഫിക്കറ്റ് ഈ റിപ്പോർട്ടിന്റെ അനുബന്ധം 1. ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

വാർഷിക കണക്കു പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ.

1)ഗ്രാമ പഞ്ചായത്തിലെ നിലവിലുള്ള മുഴുവൻ ആസ്തികളും മൂല്യനിർണ്ണയം ചെയ്ത് വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല. വർഷാന്ത്യത്തിൽ ആസ്തികളുടെ ഭൗതിക പരിശോധന, സ്റ്റോക്കിന്റെ

ഭൗതിക പരിശോധന എന്നിവ നടത്തിയില്ല.

2)വസ്തു നികുതി ഡിമാന്റ് രജിസ്റ്റർ, കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എന്നിവ എഴുതി സൂക്ഷിച്ചിട്ടില്ല. സഞ്ജയ-സാംഖ്യ ഇന്റഗ്രേഷൻ പൂർത്തിയായിട്ടില്ല.വസ്തു നികുതി ഡിമാന്റ് രജിസ്റ്റർ, അരിയർ ഡിമാൻഡ് രജിസ്റ്റർ എന്നിവ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഈയിനത്തിലെ കുടിശ്ശിക- തൻവർഷ ഡിമാന്റ്- പിരിവ് തുകകളുടെയും പിരിച്ചെടുക്കാൻ ബാക്കി നിൽക്കുന്ന തുകകളുടെയും കൃത്യത വ്യക്തമല്ല.

3) കുടിശ്ശിക ഡിമാൻറ് രജിസ്റ്റർ തയ്യാറാക്കാത്തതിനാൽ ബാലൻസ് ഷീറ്റിൽ ആസ്തികളിൽ sundry debtors (receivable ) ആയി കാണിച്ച തുകകൾ കുടിശ്ശിക ഡിമാൻറ് രജിസ്റ്റർ പ്രകാരമുള്ള തുകയുമായി പൊരുത്തപ്പെടുന്നുണ്ടോ എന്ന് പരിശോധിക്കുവാനാകുന്നില്ല.

4)വാർഷിക ധനകാര്യപത്രികയിലെ ബാലൻസ് ഷീറ്റിൽ Capital Work in Progress [Schedule B-11(a)] -ൽ തൻവർഷം പൊതു മരാമത്ത് പ്രവൃത്തികൾക്കായി ടാർ വാങ്ങുന്നതിനായി ചെലവഴിച്ച 15,87,655-രൂപ മാത്രമാണ് ഉൾപ്പടുത്തിയിരിക്കുന്നത്. തൻ വർഷം 22,96,188/-രൂപയുടെ പാർട്ട് പെയ്മെന്റുകൾ ടാർ വാങ്ങുന്നതിനായി നടത്തിയിട്ടുണ്ട്. 7,08,533 /-രൂപയുടെ കുറവ് Capital Work in Progress [Schedule B-11(a)] -ൽ ഉണ്ട്.

5)വിവിധ ട്രഷറി അക്കൗണ്ടുകളുടെ ട്രഷറി സ്റ്റേറ്റ് മെന്റുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

# 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് : | 1,13,77,258. |
| വരവ് : | 12,18,33,135 |
| ആകെ : | 13,32,10,393. |
| ചെലവ് : | 11,83,97,681 |
| നീക്കിയിരിപ്പ് : | 1,48,12,712. |

(കുറിപ്പ്: വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള രസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടാത്താ DBT പെൻഷൻ തുക 4,41,24,425 രൂപയും, മഹാത്മഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി വേതനമിനത്തിൽ ഓൺലൈൻ മുഖേന നടത്തിയ ചെലവ് 1,40,85,785 രൂപയും മേൽ കണക്കിൽ വരവിലും ചെലവിലും ഉൾപ്പടുത്തിയിട്ടുണ്ട്)

# 1-5 ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

| ഫണ്ടിനം | മുന്നിരിപ്പ് | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 1,85,99,106 | 1,85,99,106 | 1,45,08,137 | 40,90,969 | 78 |
| വികസനഫണ്ട് എസ്.സി.പി | 0 | 44,04,990 | 44,04,990 | 3,00,000 | 41,04,990 | 68 |

| | | | | | | |
|---|---|---|---|---|---|---|
| വികസഫണ്ട് ടി.എസ്.പി | 0 | 4,25,814 | 4,25,814 | 3,45,000 | 80,814 | 81 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 74,17,596 | 74,17,596 | 19,02,885 | 55,14,711 | 26 |
| സംരക്ഷണ ഗ്രാന്റ് നോൺറോഡ് | 0 | 50,44,536 | 50,44,536 | 21,51,429 | 28,93,107 | 43 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 1,04,31,093 | 1,04,31,093 | 37,01,971 | 67,29,122 | 35 |
| പെർഫോമൻസ് ഗ്രാന്റ് | 0 | 32,48,800 | 32,48,800 | 31,47,985 | 1,00,815 | 97 |
| എംഎൻആർഇജിഎസ് | 1668 | 1,51,90,602 | 1,51,92,270 | 1,51,51,569 | 40,701 | 99.73 |
| ബി.ഫണ്ട് | 0 | 4,57,32,785 | 4,57,32,785 | 4,57,32,785 | 0 | 100 |

നീക്കിയിരിപ്പ് തുകകൾ (എം.എൻ.ആർ.ഇ.ജി.എസ് ഒഴികെ) സഞ്ചിത നിധിയിൽ ലയിപ്പിക്കപ്പെട്ടു.

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | നടപ്പിലാക്കിയത് (എണ്ണം) | ഭാഗികമായി (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രൊജക്ടുകളുടെ % |
|---|---|---|---|---|
| 233 | 100 | 0 | 0 | 43% |

നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണം സംബന്ധിച്ച സംക്ഷിപ്ത വിവരം

| ക്രമ നം | നിർവ്വഹണോദ്യോഗസ്ഥൻ | അംഗീകരിച്ച പദ്ധതി രേഖ പ്രകാരം 2016-17 വർത്തിൽ നടപ്പാക്കേണ്ട പദ്ധതികളുടെ വിവരം | | 2016-17 വർത്തിൽ നടപ്പാക്കിയ പദ്ധതികളുടെ വിവരം | | ചെലവ് ശതമാനം. |
|---|---|---|---|---|---|---|
| | | എണ്ണം | അടങ്കൽ | എണ്ണം | ചെലവ് തുക | |
| 1 | സെക്രട്ടറി | 25 | 1,39,07,434 | 13 | 62,63,978 | 45% |
| 2 | അസിസ്റ്റന്റ് സെക്രട്ടറി. | 8 | 46,78,391 | 1 | 3,00,000 | 64% |

| | | | | | | |
|---|---|---|---|---|---|---|
| 3 | അസിസ്റ്റന്റ് എൻജിനിയർ. | 170 | 5,89,06,201 | 59 | 1,31,55,397 | 22% |
| 4 | കൃഷി ഓഫീസർ. | 5 | 39,36,550 | 4 | 27,29,820 | 69% |
| 5 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ. | 10 | 1,00,92,500 | 10 | 59,57,500 | 59% |
| 6 | ഐ.സി.ഡി.എസ്. സൂപ്പർവൈസർ. | 4 | 73,25,800 | 4 | 60,72,845 | 83% |
| 7 | മെഡിക്കൽ ഓഫീസർ -പി.എച്ച്.സി. | 2 | 8,72,579 | 2 | 8,24,871 | 94% |
| 8 | മെഡിക്കൽ ഓഫീസർ - ആയുർവ്വേദം. | 1 | 3,00,000 | 1 | 3,00,000 | 100% |
| 09 | പ്രധാനാധ്യാപകൻ. | 6 | 33,92,000 | 5 | 32,41,210 | 96% |
| 10 | മെഡിക്കൽ ഓഫീസർ -ഹോമിയോ | 1 | 2,00,000 | 1 | 2,00,000 | 100% |
| 11 | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷരീസ് | 1 | 1,60,000 | 0 | 0 | 0 |
| | അകെ | 233 | 10,37,71,455 | 100 | 3,90,45,621 | 43% |

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 20.45 ശതമാനം വർധന ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+) /(-) |
|---|---|---|---|---|
| നികുതി വരവുകൾ | 58,34,074 | 77,17,596 | 18,83,522 (+) | (+)32% |
| നികുതിയേതര വരവുകൾ | 30,45,649 | 29,00,592 | 1,45,057(-) | (-)4.7% |
| മറ്റു വരവുകൾ | 3,53,416 | 5,03,791 | 1,50,375(+) | (+)43% |
| ആകെ | 92,33,139 | 1,11,21,979 | 18,88,840(+) | 20.45% |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച് തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 48,630 | 30 |
| കർഷക തൊഴിലാളി വേതനം | 6,20,470 | 73 |
| വിധവ പെൻഷൻ | 1,85,04,110 | 1,876 |
| വാർദ്ധക്യകാല പെൻഷൻ | 1,97,53,580 | 1,999 |
| വികലാംഗപെൻഷൻ | 50,96,746 | 575 |
| അവിവാഹിതരായ 50 വയസിനു മുകളിൽ പ്രായമുള്ള സ്ത്രീകൾക്കുള്ള പെൻഷൻ | 1,49,520 | 16 |
| വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം | 15,60,000 | 52 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 23.06.2017 ന് (3 pm) സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 11,690-രൂപ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം.

ഗ്രാമപഞ്ചായത്ത് കാര്യാലയത്തിലെ ജീവനക്കാരുടെ തസ്തിക തിരിച്ചുള്ള വിവരം ചുവടെ പറയും പ്രകാരമാണ്.

| ക്രമ നം | തസ്തിക | എണ്ണം |
|---|---|---|

| | | |
|---|---|---|
| 1 | സെക്രട്ടറി | 1 |
| 2 | അസിസ്റ്റന്റ് സെക്രട്ടറി. | 1 |
| 3 | ജൂനിയർ സൂപ്രണ്ട് | 1 |
| 4 | അക്കൗണ്ടന്റ് | 1 |
| 5 | സീനിയർ ക്ലാർക്ക് | 3 |
| 6 | ക്ലാർക്ക് | 5 |
| 7 | ഓഫീസ് അറ്റൻഡന്റ് | 2 |
| 8 | ഫുൾ ടൈം സ്വീപ്പർ | 4 |

14.07.2016 ലെ ഉത്തരവ് നം. 17/2016 പ്രകാരം ജീവനക്കാരുടെ ജോലി വിഭജനം നടത്തിയിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് കാര്യാലയത്തിലെ ജീവനക്കാരുടെ യോഗം 2016-2017 സാമ്പത്തിക വർഷം 8 പ്രാവശ്യം മാത്രമാണ് കൂടിയിട്ടുള്ളത്. ജീവനക്കാരുടെ യോഗം മാസത്തിൽ ഒരുതവണയെങ്കിലും ചേരേണ്ടതും, ഓരോ സെക്ഷനിലെയും പ്രവർത്തന പുരോഗതി വിലയിരുത്തേണ്ടതുമാണ്.

## 1-11 തൊഴിലുറപ്പ് പദ്ധതി അവലോകനം

ഓഡിറ്റ് കാലയളവിലെ തൊഴിലുറപ്പ് പദ്ധതി നടത്തിപ്പ് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| രജിസ്റ്റർ ചെയ്ത ആകെ കുടുംബങ്ങൾ | 2,867 |
| തൊഴിൽ കാർഡ് നല്കിയ കുടുംബങ്ങൾ | 2,859 |
| തൊഴിൽ കാർഡ് നല്കിയ പട്ടികജാതി കുടുംബങ്ങൾ | 307 |
| തൊഴിൽ കാർഡ് നല്കിയ പട്ടികവർഗ്ഗ കുടുംബങ്ങൾ | 25 |
| ആകെ അംഗീകരിച്ച പദ്ധതികൾ | 618 |
| ആകെ നടപ്പിലാക്കിയ പദ്ധതികൾ | 288 |
| ആകെ മനുഷ്യ ദിനങ്ങൾ | 57,786 |
| നൂറുദിനം തൊഴിൽ ദിനം ലഭിച്ച കുടുബങ്ങൾ | 152 |

## 1-12 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് നമ്പർ |
|---|---|---|---|

| | നടത്തിയ തീയതി | | തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 25.04.2016 മുതൽ 27.04.2016വരെ | 01.12.2015 മുതൽ 31.03.2016വരെ | പി4-6240/2016 /19.09.2016 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | ഇല്ല | - | - |

## ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്.

(ഓഡിറ്റ് എൻക്വയറി നം. 5 /2017 തീയ്യതി-29-06-2017)

2016-17 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി റിട്ടേണുകൾ പരിശോധിച്ചതിൽ താഴെ കൊടുത്തിരിക്കുന്ന ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയതിൽ കുറവ് വന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് . വിശദവിവരം ചുവടെ ചേർക്കുന്നു.

| ജീവനക്കാരന്റെ പേരും,തസ്തികയും | സ്ഥാപനം | ആകെ അർദ്ധ വർഷത്തെ വരുമാനം | അടവാ ക്കേണ്ട നികുതി | അടവാക്കിയ നികുതി | കുറവ് | രസീത് നമ്പർ |
|---|---|---|---|---|---|---|
| മോഹനൻ മാടവളപ്പിൽ<br>എച്ച്.എ ഗ്രേഡ്-II | സി.എച്ച്.സി.കുമ്പള | 1,20,999 | 1000 | 750 | 250 | 11609104217 തീ:31-08-16 |
| റഫീഖ്.എം<br>എച്ച്.എ ഗ്രേഡ്-II | സി.എച്ച്.സി.കുമ്പള | 1,11,180 | 1000 | 750 | 250 | 11609104217 തീ:31-08-16 |
| ധന്യ.എം<br>ഫാർമിസ്റ്റ് | സി.എച്ച്.സി.കുമ്പള ( NRHM) | 78,880 | 750 | 600 | 150 | 11609103853 തീ:31-08-16 |
| ഭാഗീരതി.ബി, സ്കൂൾ ഹെൽത്ത് നേഴ്സ് | സി.എച്ച്.സി.കുമ്പള ( NRHM) | 78,880 | 750 | 600 | 150 | 11609103853 തീ:31-08-16 |
| രഞ്ജിനി.പി, സ്കൂൾ ഹെൽത്ത് നേഴ്സ് | സി.എച്ച്.സി.കുമ്പള ( NRHM) | 78,880 | 750 | 600 | 150 | 11609103853 തീ:31-08-16 |
| ആകെ | | | | | 950 | |

തൊഴിൽ നികുതി അടവാക്കിയതിൽ കുറവ് വന്ന 950/- രൂപ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-2 ഷോപ്പിംഗ് കോംപ്ലക്സ് വാടക മുഴുവനായും പിരിച്ചെടുത്തിട്ടില്ല.

(ഓഡിറ്റ് എൻക്വയറി നം.01/ തീയ്യതി 28.6.2017)

2016-17 സാമ്പത്തിക വർഷത്തേക്ക് പഞ്ചായത്ത് ഉടമസ്ഥതയിലുള്ള കെട്ടിടം വാടകയ്ക്ക് ഏറ്റെടുത്ത താഴെക്കൊടുത്തിരിക്കുന്ന കച്ചവടക്കാരനിൽനിന്നും മാസ വാടക ഈടാക്കിയതിൽ കുറവ് വന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | വാർഡ് നമ്പർ/ കെട്ടിട നമ്പർ | വാടകക്കാരന്റെ പേരും, വിലാസവും | ഈടാക്കേണ്ട മാസവാടക | ബാക്കി ഈടാക്കേണ്ട മാസ വാടക | കുറവ് |
|---|---|---|---|---|---|
| 1 | X /398 C | രഘുരാമ | 6,600 x 12<br>= 79,200 | സെപ്റ്റംബർ-2016<br>ഒക്ടോബർ-2016<br>നവംബർ-2016<br>ഡിസംബർ-2016<br>ജനുവരി-2017<br>ഫെബ്രുവരി-2017<br>മാർച്ച് -2017<br>5 x 6,600 = 46,200 | 46,200 |
| 2 | X / 398 H | കേശവ | 5,743 x 12<br>= 68,916 | ഫെബ്രുവരി-2017<br>മാർച്ച് -2017<br>2 x 5,743 = 11,486 | 11,486 |
| 3 | X / 409 | ലോകേഷ് | 2,678x7=18,746<br>2,812x5=14,060<br>= 32,806 | മാർച്ച് -2017<br>1x 2,812= 2,812 | 2,812 |
| 4 | X / 413 | ശ്രീനിവാസ | 1,890x10=18,900<br>1,985x 2 =3,970<br>= 22,870 | ഏപ്രിൽ 2016 മുതൽ<br>മാർച്ച് 2017 വരെ<br>1,890 x 10=18,900 | = 22,870 |

| | | | | | |
|---|---|---|---|---|---|
| | | | | 1,985 x 2 =3,970<br>= 22,870 | |
| ആകെ | | | | | 83,368 |

മേൽപറഞ്ഞ കച്ചവടക്കാരനിൽ നിന്നും ഷോപ്പിംഗ് കോംപ്ലക്സ് കെട്ടിടവാടകയിനത്തിൽ പിരിച്ചെടുക്കാനുള്ള വാടക തുക എത്രയുംപ്പെട്ടന്ന് ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം മേൽ തുക വരവ് നഷ്ടമായി കണക്കാക്കി നഷ്ടോത്തരവദ്വിത്തം സെക്രട്ടറിയിൽ ചുമത്തുന്നു.

## 2-3 ഡി.ആന്റ്.ഒ. ലൈസൻസ് ഫീസ് ഈടാക്കിയതിൽ കുറവ്.

(ഓഡിറ്റ് എൻക്വയറി നം. 2 /2017 തീയ്യതി-28-06-2017)

2016-17 സാമ്പത്തിക വർഷത്തെ ഡി.ആന്റ്.ഒ. ലൈസൻസ് ഫീ രജിസ്റ്ററുകളും,അപേക്ഷകളും മറ്റ് അനുബന്ധ രേഖകളും പരിശോധിച്ചപ്പോൾ 1996 –ലെ കേരള പഞ്ചായത്ത് രാജ് ( ആപൽകരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ ) ചട്ടങ്ങളിലെ ചട്ടം 7 പ്രകാരം രണ്ടാം പട്ടികയിൽ വിവരിക്കുന്ന നിരക്കിലുള്ള ഫീസ് ഈടാക്കിയിട്ടില്ലാത്തതായി കാണുന്നു വിശദവിവരം താഴെ കൊടുക്കുന്നു.

| ലൈസൻസിന് അപേക്ഷിച്ച വ്യാപാരിയുടെ പേര്,<br>(ഡി.&ഒ.ലൈസൻസ് രജിസ്റ്റർപ്രകാരം ക്രമ നമ്പർ) | സ്ഥാപനത്തിന്റെ സ്വഭാവം & കെട്ടിട നമ്പർ | ഒരു ദിവസത്തെ വിറ്റ് വരവ് (അപേക്ഷ പ്രകാരം) | ഈടാക്കേണ്ട ഫീസ് | ഈടാക്കിയ ഫീസ് | കുറവ് വന്ന തുക |
|---|---|---|---|---|---|
| ബിന്ദു സനു<br>ക്രമ നമ്പർ- 213 | പെട്രോൾപമ്പ് നടത്തുന്നതിന്. കുമ്പളഫ്യൂവൽസ് XIII / 183 | 1,30,000 | 4,000/- | 2,000/-<br>Rt.No. 116091-00687/<br>02-05-2016 | 2,000/- |
| ശിവപ്രസാദ്<br>ക്രമ നമ്പർ- 258 | പെട്രോൾപമ്പ് നടത്തുന്നതിന്. ഭാരത് ഫ്യൂവൽസ് XIII / 483 | 1,50,000 | 4,000/- | 2,000/-<br>Rt.No. 116091-01065/<br>13-05-2016 | 2,000/- |
| യൂണിറ്റ് ഇൻ ചാർജ്ജ്<br>ആർ.ഡി.സെന്റർ മിൽമ<br>എം.ആർ.സി.എംപ്രൈ.ലി, | മിൽമ പാല്വം,ഉല്പന്നങ്ങളും സ്റ്റോക്ക് ചെയ്ത് വിൽപ്പന | 3,20,000 | 4,000/- | 2,000/-<br>Rt.No. 11609103711/ | 2,000/- |

| | | | | | |
|---|---|---|---|---|---|
| കുമ്പള<br>ക്രമ നമ്പർ- 410 | നടത്തുന്നതിന്,XIII / 89 A | | | 19-08-2016 | |
| മുഹമ്മദ് നവാസ്.എ.കെ<br>ക്രമ നമ്പർ- 61 | സിം വിതരണം,സെയിൽ & റീചാർജ്ജ് ചെയ്യുന്നതിനുവേണ്ടി<br>XXIII/ 533 | 20,000 | 500 | 100<br>Rt.No. 115091-63132/<br>29-02-2016 | 400 |
| ആകെ | | | | | 6,400 |

ഡി.ആന്റ്.ഒ. ലൈസൻസ് ഫീസ് ഈടാക്കിയതിൽ കുറവ് വന്ന 6,400/-രൂപ ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കുന്നതിനു വേണ്ടിയുള്ള നടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 2-4 ഡി ആന്റ് ഒ. ലൈസൻസ് എടുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.

(ഓഡിറ്റ് എൻക്വയറി നം. 3 /2017 തീയ്യതി-29-06-2017)

2016-17 സാമ്പത്തിക വർഷത്തേക്ക് പഞ്ചായത്ത് ഉടമസ്ഥതയിലുള്ള കെട്ടിടം വാടകയ്ക്ക് ഏറ്റെടുത്ത താഴെക്കൊടുത്തിരിക്കുന്ന കച്ചവടക്കാർ 1996 –ലെ കേരള പഞ്ചായത്ത് രാജ് (ആപൽകരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം ഡി ആന്റ് ഒ ലൈസൻസ് എടുത്തതായി കാണുന്നില്ല. വിശദവിവരം താഴെ കൊടുക്കുന്നു

| ക്രമ നം | ഷോപ്പിംങ് കോംപ്ലക്സ് വാടക രജിസ്റ്റർ പ്രകാരം പേജ് നമ്പർ | കച്ചവട സ്ഥാപനത്തിന്റെ<br>കെട്ടിട നമ്പർ | കച്ചവടക്കാരന്റെ പേരും/വിലാസവും |
|---|---|---|---|
| 1 | 1/16-17 | 23/1332 | എം.എം.ഇബ്രാഹിം,<br>s/o മമ്മൂഞ്ഞിഹാജി |
| 2 | 2/16-17 | 23/1333 | മോഹൻദാസ് നായക്ക് |
| 3 | 4/16-17 | 23/1335 | എം.പി.മുഹമ്മദ്,<br>s/o പള്ളികുഞ്ഞി |
| 4 | 7/16-17 | 23/1349 | രഘുരാമ |
| 5 | 8/16-17 | 23/1350 | ശ്രീധര,<br>s/o കൃഷ്ണപ്പ പൂജാരി |

| | | | |
|---|---|---|---|
| 6 | 9/16-17 | 23/1346 | സി.കെ.മൂസ, s/o അന്തു |
| 7 | 10/16-17 | 23/1345 | അശോക റൈ,<br>s/o ഭാസ്കര റൈ |
| 8 | 12/16-17 | 23/1351 | കേശവ, s/o കൊറഗ |
| 9 | 14/16-17 | 23/1336 | മമ്മൂഞ്ഞി, s/o അബ്ദുള്ള |
| 10 | 20/16-17 | 23/1342 | ഫറൂക്ക് |
| 11 | 21/16-17 | 23/1343 | സൈനുദ്ദീൻ, s/o മൂസ്സ |
| 12 | 24/16-17<br>25/16-17 | 23/1355<br>23/1356 | ലോകേഷ ,<br>s/o ഉമേഷ് പൂജാരി |
| 13 | 26/16-17 | 23/1357 | അബ്ദുൾ സലാം,<br>s/o അബ്ദുള്ള |
| 14 | 27/16-17 | 23/1358 | ശാലിനി,<br>D/o സുബ്ബ ഗട്ടി |
| 15 | 28/16-17 | 23/1359 | ശ്രീനിവാസ |
| 16 | 29/16-17 | 23/1360 | വിനോദ് |
| 17 | 34/16-17 | 23/1365 | വിനോദ് |
| 18 | 36/16-17 | 23/1367 | അബ്ദുള്ള |
| 19 | 37/16-17 | 23/1368 | എ.കെ.ആരീഫ്,<br>s/o അബ്ദുൾ കാദർ |
| 20 | 38/16-17 | 23/1369 | രാജേഷ് കുമാർ.ബി |
| 21 | 39/16-17 | 23/612 | സിദ്ദിഖ്,<br>s/o അബ്ദുൾ കാദർ |

| | | | |
|---|---|---|---|
| 22 | 40/16-17 | 23/613 | അബ്ദുൾ റഹിമാൻ, s/o സൈനുദ്ദീൻ |
| 23 | 41/16-17 | 23/614 | കെ.എം.മുഹമ്മദ്, s/o സൈനുദ്ദീൻ |
| 24 | 42/16-17 | 23/615 | അബ്ദുള്ള, s/o മുഹമ്മദ് |

മേൽ വിവരിച്ച കച്ചവടക്കാരെ ഡി. & ഒ. ലൈസൻസ് എടുക്കാതെ പ്രവർത്തിക്കാൻ അനുവദിച്ചതിന് വിശദീകരണം നൽകേണ്ടതാണ്.ലൈസൻസില്ലാതെ പ്രവർത്തിക്കുന്നവർക്കെതിരെ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-5 പഞ്ചായത്ത് ഉടമസ്ഥതയിലുള്ള കെട്ടിടം വാടകയ്ക്ക് ഏറ്റെടുത്ത കച്ചവടക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

ഓഡിറ്റ് എൻക്വയറി നം. 4 /2017 തീയ്യതി-29-06-2017

2016-17 സാമ്പത്തിക വർഷത്തേക്ക് പഞ്ചായത്ത് ഉടമസ്ഥതയിലുള്ള കെട്ടിടം വാടകയ്ക്ക് ഏറ്റെടുത്ത താഴെക്കൊടുത്തിരിക്കുന്ന വിവിധ കച്ചവടങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന കച്ചവടക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | ഷോപ്പിംങ് കോംപ്ലക്സ് വാടക രജിസ്റ്റർ പ്രകാരം പേജ് നമ്പർ | കച്ചവട സ്ഥാപനത്തിന്റെ കെട്ടിട നമ്പർ | കച്ചവടക്കാരന്റെ പേരും/വിലാസവും |
|---|---|---|---|
| 1 | 1/16-17 | 23/1332 | എം.എം.ഇബ്രാഹിം, s/o മമ്മൂഞ്ഞിഹാജി |
| 2 | 2/16-17 | 23/1333 | മോഹൻദാസ് നായക്ക് |
| 3 | 4/16-17 | 23/1335 | എം.പി.മുഹമ്മദ്, s/o പള്ളികുഞ്ഞി |
| 4 | 7/16-17 | 23/1349 | രഘുരാമ |
| 5 | 8/16-17 | 23/1350 | ശ്രീധര, s/o കൃഷ്ണപ്പ പൂജാരി |
| 6 | 9/16-17 | 23/1346 | സി.കെ.മൂസ, s/o അന്തു |
| 7 | 10/16-17 | 23/1345 | അശോക റൈ, |

| | | | |
|---|---|---|---|
| | | | s/o ഭാസ്കര റൈ |
| 8 | 12/16-17 | 23/1351 | കേശവ, s/o കൊറഗ |
| 9 | 14/16-17 | 23/1336 | മമ്മൂഞ്ഞി, s/o അബ്ദുള്ള |
| 10 | 20/16-17 | 23/1342 | ഫറൂക്ക് |
| 11 | 21/16-17 | 23/1343 | സൈനുദ്ദീൻ, s/o മൂസ്സ |
| 12 | 24/16-17<br>25/16-17 | 23/1355<br>23/1356 | ലോകേഷ ,<br>s/o ഉമേഷ് പൂജാരി |
| 13 | 26/16-17 | 23/1357 | അബ്ദുൾ സലാം,<br>s/o അബ്ദുള്ള |
| 14 | 27/16-17 | 23/1358 | ശാലിനി,<br>D/o സുബ്ബ ഗട്ടി |
| 15 | 28/16-17 | 23/1359 | ശ്രീനിവാസ |
| 16 | 29/16-17 | 23/1360 | വിനോദ് |
| 17 | 34/16-17 | 23/1365 | വിനോദ് |
| 18 | 36/16-17 | 23/1367 | അബ്ദുള്ള |
| 19 | 37/16-17 | 23/1368 | എ.കെ.ആരീഫ്,<br>s/o അബ്ദുൾ കാദർ |
| 20 | 38/16-17 | 23/1369 | രാജേഷ് കുമാർ.ബി |
| 21 | 39/16-17 | 23/612 | സിദ്ദിഖ്,<br>s/o അബ്ദുൾ കാദർ |
| 22 | 40/16-17 | 23/613 | അബ്ദുൾ റഹിമാൻ,<br>s/o സൈനുദ്ദീൻ |
| 23 | 41/16-17 | 23/614 | കെ.എം.മുഹമ്മദ്,<br>s/o സൈനുദ്ദീൻ |
| 24 | 42/16-17 | 23/615 | അബ്ദുള്ള, s/o മുഹമ്മദ് |

മേൽപ്പറഞ്ഞ കച്ചവടക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-6 <u>സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.</u>

(ഓഡിറ്റ് എൻക്വയറി നം. 6 /2017 തീയ്യതി-29-06-2017)

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 204-ാം വകുപ്പ് പ്രകാരം ജീവനക്കാരും /തൊഴിലാളികളും തൊഴിൽ സ്ഥാപനവും തങ്ങളുടെ തൊഴിൽ നികുതി ഒടുക്കേണ്ടതുണ്ട്. തൊഴിൽ സ്ഥാപനങ്ങൾ അർദ്ധവാർഷിക ടേൺഓവറിന്റെ അടിസ്ഥാനത്തിൽ നികുതി നിർണ്ണയിച്ച് നികുതി ഒടുക്കണം. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പ്രകാരം 2016-17 വർഷത്തിൽ താഴെക്കൊടുത്തിരിക്കുന്ന ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ടേൺഓവറിന്റെ അടിസ്ഥാനത്തിൽ സ്ഥാപന തൊഴിൽ നികുതി ഈടാക്കാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് വിശദവിവരം ചുവടെകൊടുക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | സ്ഥാപന തൊഴിൽ നികുതി അടവാക്കേണ്ട കാലയളവ് |
|---|---|---|
| 1 | മാവേലി സ്റ്റോർ, കുമ്പള | 2016-17രണ്ടാം അർദ്ധവർഷം |
| 2 | കാസർഗോഡ് ജില്ലാ കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റൽ സൊസൈറ്റി,കുമ്പള | 2016-17ഒന്നും,രണ്ടും അർദ്ധവർഷം |
| 3 | എസ്.ബി.ഐ, കുമ്പള | 2016-17ഒന്നും,രണ്ടും അർദ്ധവർഷം |
| 4 | കാസർഗോഡ് ജില്ലാ കോ-ഓപ്പറേറ്റീവ് ബാങ്ക്, കുമ്പള | 2016-17ഒന്നാം അർദ്ധവർഷം |
| 5 | അജാനൂർ അർബൻ സർവ്വീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി | 2016-17ഒന്നും,രണ്ടും അർദ്ധവർഷം |
| 6 | അഗ്രികൾച്ചറിസ്റ്റ് ഡെവലപ്പ്മെന്റ് ബാങ്ക് | 2016-17രണ്ടാം അർദ്ധവർഷം |
| 7 | മണിപ്പാൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കമ്പ്യൂട്ടർ എജ്യുക്കേഷൻ | 2016-17ഒന്നും,രണ്ടും അർദ്ധവർഷം |
| 8 | കുമ്പള ഫ്യൂവൽസ് | 2016-17ഒന്നും,രണ്ടും അർദ്ധവർഷം |
| 9 | ഭാരത് ഫ്യൂവൽസ് | 2016-17ഒന്നും,രണ്ടും അർദ്ധവർഷം |

മേൽ സ്ഥാപനങ്ങളിൽ നിന്നും ബന്ധപ്പെട്ട അർദ്ധവർഷങ്ങളിലെ സ്ഥാപന നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-7 ഡിമാന്റ് രജിസ്റ്റർ- സംഗ്രഹം എഴുതി തയ്യാറാക്കിയിട്ടില്ല.

(1) 2016-17 സാമ്പത്തിക വർഷത്തിൽ താഴെപ്പറയുന്ന ഡിമാന്റ് രജിസ്റ്ററിൽ അവയുടെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവയുടെ സംഗ്രഹം എഴുതി തയ്യാറാക്കിയിട്ടില്ല.

a) തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ

b) ട്രേഡേഴ്സ് തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ

മേൽപറഞ്ഞ രജിറ്ററുകളിൽ നികുതിയുടെ സംഗ്രഹം എഴുതി തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തലുകൾ നടത്തി ആയത് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

(2)ട്രേഡേഴ്സ് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല

2016-17 സാമ്പത്തിക വർഷത്തിൽ ഗ്രാമ പഞ്ചായത്തിൽ 33 വാർഡുകളിലായി ഡി. & ഒ. ലൈസൻസ് ഡിമാന്റ് രജിസ്റ്റർ പ്രകാരം ആകെ 666 കച്ചവട സ്ഥാപനങ്ങളാണ് പ്രവർത്തിച്ച് വരുന്നത്. 2016-17 വർഷത്തെ വാർഷിക ധനകാര്യപത്രിക പ്രകാരം ലൈസൻസ് വരുമാനം 1,55,645/- രൂപയാണെങ്കിലും 1,29,245/- രൂപ മാത്രമാണ് പിരിവ്. (പിരിവ് ശതമാനം-83.03%).എന്നാൽ പഞ്ചായത്തിന്റെ കണക്കുകൾപ്രകാരം 2,800വാണിജ്യകെട്ടിടങ്ങളുണ്ട്. ഈ കണക്കുകൾ അനുസരിച്ച് ലൈസൻസ് എടുത്തവരുടെ എണ്ണം വളരെ കുറവാണ്. പഞ്ചായത്ത് പരിധിയിലുള്ള എല്ലാ കച്ചവട സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിന് വേണ്ടി കേരളാ പഞ്ചായത്ത് രാജ് വകുപ്പ് 205 ബി അനുസരിച്ച് നികുതിക്ക് വിധേയരായവരുടെ ലിസ്റ്റ് കെട്ടിട/ഭൂമിയുടെ ഉടമസ്ഥനോട് ആവശ്യപ്പെടാവുന്നതും ആയത് ഉറപ്പ് വരുത്തേണ്ടതുമാണ്. 1998 ലെ കേരളാ പഞ്ചായത്ത് രാജ് ചട്ടങ്ങൾ (റെക്കോർഡുകളുടെ സൂക്ഷിപ്പും പകർപ്പ് നൽകലും)ചട്ടം3 പ്രകാരം ഗ്രാമ പഞ്ചായത്ത് അതിന്റെ പരിധിയിലുള്ള കച്ചവട സ്ഥാപനങ്ങളെ സംബന്ധിച്ച ട്രേഡേഴ്സ് രജിസ്റ്റർ (വാർഡ് അടിസ്ഥാനത്തിൽ) തയ്യാറാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. എന്നാൽ പഞ്ചായത്ത് ഇത്തരത്തിലുള്ള ട്രേഡേഴ്സ് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വിവരങ്ങൾ അടങ്ങിയ ഒരു ട്രേഡേഴ്സ് രജിസ്റ്റർ സെക്ഷൻ സൂക്ഷിക്കാത്തതിനാൽ പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കിയിട്ടുണ്ടോ എന്നത് ഫലപ്രദമായി പരിശോധിക്കാൻ സാധിച്ചില്ല. ഇക്കാര്യത്തിൽ അടിയന്തിരമായ നടപടികൾ സ്വീകരിക്കുവാൻ ഭരണസമിതി പ്രത്യേകം ശ്രദ്ധപതിപ്പിക്കേണ്ടതാണ്.

## 2-8 മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാകിയിട്ടില്ല.

ഓരോയിനം കെട്ടിടത്തിനും അതിന്റെ ഉപവിഭാഗങ്ങൾക്കും ഒരു ചതുരശ്രമീറ്റർ തറ വിസ്തീർണ്ണത്തിന് ബാധകമായ അടിസ്ഥാന വസ്തുനികുതി നിരക്കുകൾ എസ്.ആർ.ഒ.നമ്പർ 36/2011 പ്രകാരം വിജ്ഞാപനം ചെയ്തിട്ടുള്ളതാണ്. ഈ നിരക്കുകൾ 2011ഏപ്രിൽ 1 മുതൽ പ്രാബല്യത്തിൽ വന്നതാണ്. കുമ്പള ഗ്രാമപഞ്ചായത്തിന്റെ 14-12-2011ലെ തീരുമാനം നമ്പർ 293/11 പ്രകാരം മൊബൈൽ ടവറുകളുടെ വസ്തുനികുതി, ചതുരശ്രമീറ്ററിന് 500/-രൂപയായി നിർണ്ണയിക്കുകയും, 2013-2014 സാമ്പത്തികവർഷം മുതൽ പുതുക്കിയ നിരക്കിൽ നികുതി ഈടാക്കുന്നതിന് തീരുമാനിക്കുകയുമുണ്ടായി. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന 6 മൊബൈൽ ടവറുകളിൽ നിന്നും 2016-17 വർഷം വസ്തുനികുതി പിരിച്ചെടുത്തിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. ആയത് പിരിച്ചെടുത്ത് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

| ക്രമ നമ്പർ | ഓപ്പറേറ്റർ/ ഉടമ/നിർമ്മാതാവ്/ ലൈസൻസി | കെട്ടിട നമ്പർ | വിസ്തീർണ്ണം @ $m^2$ | വസ്തുനികുതി കുടിശ്ശിക |
|---|---|---|---|---|
| 1 | ഭാരതി സെല്ലുലർ ലിമിറ്റഡ് | 189/A | 1.5 m2 | ഒടുക്കിയ വിവരം ലഭ്യമാകേണ്ടതാണ് |
| 2 | ഭാരതി സെല്ലുലർ ലിമിറ്റഡ് | 736A | 5.00m2 | ഒടുക്കിയ വിവരം ലഭ്യമാകേണ്ടതാണ് |

| | | | | |
|---|---|---|---|---|
| 3 | ജയപാൽ മോനോൻ | 140/B | 1.5m2 | ഒടുക്കിയ വിവരം ലഭ്യമാകേണ്ടതാണ് |
| 4 | ജയപാൽ മോനോൻ | 410/D | 1.5m2 | ഒടുക്കിയ വിവരം ലഭ്യമാകേണ്ടതാണ് |
| 5 | റിയലൻസ് കമ്മ്യൂണിക്കേഷൻ എൻടിഡി (1) | 183/N | 1.5m2 | ഒടുക്കിയ വിവരം ലഭ്യമാകേണ്ടതാണ് |
| 6 | റിയലൻസ് കമ്മ്യൂണിക്കേഷൻ എൻടിഡി (1) | 1208/D | 5m2 | ഒടുക്കിയ വിവരം ലഭ്യമാകേണ്ടതാണ് |

## 2-9 പരസ്യനികുതി.

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 209, 209-എ, 209-ബി, 209-സി, 209 ഡി. എന്നീ വകുപ്പുകൾ പ്രകാരം പരസ്യനികുതി ചുമത്താവുന്നതാണ്. 209(ഡി) വകുപ്പ് പ്രകാരം പരസ്യനികുതി ചുമത്തുന്നതിനുള്ള അവകാശം കുത്തകയ്ക്ക് നൽകാവുന്നതാണ്. പരസ്യനികുതി സംബന്ധിച്ച മാതൃകാ ബൈലോ ഡയറക്ടറുടെ 18-05-05 ലെ സി. 5-15253/2004 ഉത്തരവിലൂടെ പ്രസിദ്ധീകരിച്ചിട്ടുണ്ട്. 2016 ജൂലായ് 8-ാം തീയ്യതി ചേർന്ന കുമ്പള ഗ്രാമ പഞ്ചായത്ത് ഭരണ സമിതി യോഗത്തിന്റെ 106/16-ാം നമ്പർ തീരുമാന പ്രകാരം കരട് ബൈലോ അംഗീകരിക്കുകയും, 08-07-2016ലെ ഇതേ നമ്പർ തീരുമാനപ്രകാരം ആക്ഷേപങ്ങളും അഭിപ്രായങ്ങളും സ്വീകരിക്കുന്നതിന് 30 ദിവസത്തെ സമയം നൽകികൊണ്ട് 01-08-2016 ലെ ബി3-8658/2016-ാം പരസ്യപ്രകാരം പ്രസിദ്ധപ്പെടുത്തി. ആക്ഷേപങ്ങളും അഭിപ്രായങ്ങളും ലഭിക്കാത്ത സാഹചര്യത്തിൽ കുമ്പള ഗ്രാമ പഞ്ചായത്ത് ഭരണസമിതിയുടെ 09-11-2016ലെ 3/2017-ാം നമ്പർ തീരുമാന പ്രകാരം അന്തിമമായി അംഗീകരിച്ച പരസ്യനികുതി ബൈലോ സർക്കാറിന്റെ അംഗീകാരത്തിനായി പഞ്ചായത്ത് ഡയറക്ടർക്ക് അയച്ച് കൊടുത്ത സാഹചര്യത്തിൽ, ബൈലോ പഞ്ചായത്ത് ഡയറക്ടറുടെ അംഗീകാരം ലഭിച്ച തീയ്യതി മുതൽ പരസ്യനികുതി ഏർപ്പെടുത്തി വരുമാനം വർദ്ധിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-10 വസ്തുനികുതി.

31.03.2017 ലെ ബാലൻസ് ഷീറ്റ് പ്രകാരം വസ്തു നികുതി തൻ വർഷ പിരിവിൽ 14,81,700/- രൂപ ബാക്കിയുണ്ട്. കൂടാതെ കുടിശ്ശികയിൽ 15,92,221 രൂപയും പിരിച്ചെടുക്കാൻ ബാക്കിയുണ്ട്. 2016-17 വർഷത്തെ വസ്തുനികുതി വരുമാനം 51,96,010/- രൂപയാണെങ്കിലും 37,85,459/- രൂപ മാത്രമാണ് പിരിവ്. (പിരിവ് ശതമാനം-72.85%). വസ്തു നികുതി പരിഷ്കരണം പഞ്ചായത്തിൽ പൂർത്തീകരിച്ചിട്ടില്ല. സോഫ്റ്റ് വെയറുകളായ സാംഖ്യ, സഞ്ചയ എന്നിവ ഇന്റഗ്രേറ്റ് ചെയ്ത് സുസജ്ജീകരിച്ചിട്ടില്ല. നിലവിൽ എല്ലാ തസ്തികകളിലും ജീവനക്കാരുണ്ട്. ഈ സാഹചര്യത്തിൽ വസ്തു നികുതിയിനത്തിലെ കുടിശ്ശിക അടിയന്തിരമായി പിരിച്ചെടുക്കാനുള്ള ഊർജിത നടപടികൾ കൈക്കൊള്ളേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 വിദ്യാർത്ഥിനികൾക്ക് നാപ്കിൻ വിതരണം -പദ്ധതി

നടപ്പിലാക്കിയിട്ടില്ല.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ |
| പ്രോജക്ടിന്റെ പേര്<br>പ്രോജക്ട് നമ്പർ | വിദ്യാർത്ഥിനികൾക്ക് നാപ്കിൻ വിതരണം<br>SO.223/17 |
| ട്രഷറി ബിൽ നമ്പർ | 520/0090143/30-11-2016<br>50,000/-രൂപ ( വികസന ഫണ്ട് ) |

2016-17 സാമ്പത്തിക വർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി 6 മുതൽ 12-ാം ക്ലാസ്സ് വരെ പഠിക്കുന്ന പെൺകുട്ടികൾക്ക്, വിദ്യാലയങ്ങളിൽ വച്ച് അനുഭവിക്കുന്ന ശാരീരികവും മാനസികവുമായ സമ്മർദ്ദങ്ങൾക്ക് ഒരു പരിധി വരെ പരിഹാര മാർഗ്ഗമെന്ന നിലയിൽ നാപ്കിൻ വിതരണം ചെയ്യുന്നതിനുവേണ്ടിയുള്ള പദ്ധതിക്കുവേണ്ടി 25-01-2016 ലെ 280/16/ത.സ്വ.ഭ.വ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ രൂപം നൽകിയ പദ്ധതിയാണിത്. കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ സാനിറ്ററി നാപ്കിൻ (ഷീ പാഡ്) ആവശ്യാനുസരണം മറ്റ് അനുബന്ധ ഉപകരണങ്ങളും വിതരണം ചെയ്യുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയിലെ വനിത ഘടകത്തിൽ ഉൾപ്പെടുത്തി പദ്ധതി തയ്യാറാക്കി ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നും ഇതിനാവശ്യമായ തുക വിനിയോഗിക്കുന്നതിന് അനുമതി നൽകി ഉത്തരവായിട്ടുണ്ട്. പദ്ധതിക്കുവേണ്ടി വരുന്ന തുകയുടെ 50% വനിത വികസന കോർപ്പറേഷന് മുൻകൂറായി നൽകുന്നതിനും അനുമതി നൽകിയിട്ടുണ്ട്. ആയത് അനുസരിച്ച് ഈ പദ്ധതിക്കായി ( പ്രൊജക്ട് നമ്പർ -SO.223/17) ട്രഷറി ബിൽ നമ്പർ 520/0090143 /30-11-2016 പ്രകാരം വികസന ഫണ്ടിൽ നിന്നും 50,000/-രൂപ ചെലവഴിച്ചിട്ടുണ്ട്. ഈ തുക മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ, തിരുവനന്തപുരം-ന് നൽകിയിട്ടുണ്ട് (ചെക്ക് നമ്പർ 614844/01-12-2016). ഈ പദ്ധതി നടപ്പിലാക്കിയതിന്റെ രേഖകൾ പരിശോധിച്ചതിൽ, താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1)ഈ പദ്ധതി പ്രകാരം നാപ്കിൻ ഇൻസിനിറേറ്റർ യൂനിറ്റുകൾ ഏതെല്ലാം സ്കൂളുകളിൽ സ്ഥാപിച്ചിട്ടുണ്ട്, യൂനിറ്റുകൾ ഇപ്പോൾ പ്രവർത്തനക്ഷമമാണോ, ഈ പദ്ധതിക്ക് ലഭിച്ച ടെണ്ടറുകൾ, ഉപകരണങ്ങളുടെ സ്പെസിഫിക്കേഷൻ പരിശോധിച്ചത്, ലഭ്യമാക്കിയ പാഡുകളുടെ ഗുണനിലവാരം പരിശോധിച്ചത്, മോണിറ്ററിംഗ് റിപ്പോർട്ട്, പദ്ധതിയുടെ നടത്തിപ്പ് ഏത് ഏജൻസിയെയാണ് ഏൽപ്പിച്ചത് -എന്നിവ സംബന്ധിച്ച രേഖകൾ ഓഡിറ്റ് പരിശോധനയ്ക്ക് ഹജരാക്കിയിട്ടില്ല.

മേൽ സൂചിപ്പിച്ച അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട്കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.12/30.06.2017ന് നിർവ്വഹണ ഉദ്യോഗസ്ഥൻ നൽകിയ മറുപടിയിൽ നാപ്കിൻ വിതരണം ചെയ്തിട്ടില്ലായെന്ന മറുപടിയാണ് നൽകിയത്. ഇതുവരെയും പദ്ധതി നടപ്പിലാക്കാത്തതിനാൽ 50,000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഇക്കാര്യം പരിശോധിച്ച് പദ്ധതി എത്രയുംപെട്ടന്ന് നടപ്പിലാക്കുന്നതിനും പദ്ധതിയുടെ പൂർത്തീകരണം സംബന്ധിച്ച വിശദവിവരങ്ങൾ ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

## 3-2 വിവിധ പദ്ധതികൾക്കായി തുക കൈമാറിയത് - ധനവിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

2016-17 സാമ്പത്തിക വർഷം വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിന്റെ ഗ്രാമ പഞ്ചായത്ത് വിഹിതമായി 5,26,232/-. രൂപ വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ മറ്റു സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ കൈമാറിയ തുകകളുടെ വിനിയോഗം കാണിക്കുന്ന ധന വിനിയോഗ സാക്ഷ്യപത്രം നാളിതുവരെയായിട്ടും ബന്ധപ്പെട്ടസ്ഥാപനങ്ങളിൽ നിന്നും ലഭ്യമാക്കുവാൻ നിർവ്വഹണ ഉദ്യോഗസ്ഥർക്ക് സാധിച്ചിട്ടില്ല. ഇക്കാര്യം പരിശോധിച്ച് ചുവടെ ചേർത്ത പ്രകാരം ചെലവഴിച്ച തുകകളുടെ വിനിയോഗസാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.
വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ 5,26,232/- രൂപ തടസ്സപ്പെടുത്തുന്നു

| ക്രമ.നം | നിർവ്വഹണ ഉദ്യോഗസ്ഥൻ | പദ്ധതിയുടെ വിശദാംശം | ബിൽ.നം / തിയതി | തുക | തുക നൽകിയതിന്റെ വിശദാംശം |
|---|---|---|---|---|---|
| 2 | സെക്രട്ടറി | പ്രൊ.നം 78/17 ഐ.കെ.എം. വിഹിതം | 21600068/22.02.2017/ 16-17/31-03-2017 | 1,40,283/- | Executive Director, Information Kerala Mission, Thiruvananthapuram |
| 3 | സെക്രട്ടറി | പ്രൊ.നം 243/17സമ്പൂർണ വൈദ്യുതീകരണം-വിഹിതം | 21601208/31.03.2017 | 3,85,949/- | Asst..Eng. KSEB Electrical Division, Kasaragod |
| | | | ആകെ | 5,26,232/- | |

## 3-3 മൃഗ സംരക്ഷണം, ക്ഷീര വികസനം എന്നീ മേഖലകളിൽ പ്രോജക്ടുകൾ നടപ്പിലാക്കിയിട്ടില്ല.

കുമ്പള പഞ്ചായത്ത് 2016-17 സാമ്പത്തിക വർഷത്തിൽ, മൃഗ സംരക്ഷണം മേഖലയിൽ പ്രോജക്ടുകളൊന്നും തന്നെ നടപ്പിലാക്കിയിട്ടില്ല. സെക്ഷൻ 166(1) കെരള പഞ്ചായത്ത് രാജ് ആക്റ്റ് 1994 പ്രകാരം, മൃഗ സംരക്ഷണം,ക്ഷീര വികസനം എന്നീ മേഖലകളിൽ ഗ്രാമപഞ്ചായത്ത് പ്രദേശത്തെ ആവശ്യങ്ങൾ നിറവേറ്റേണ്ടത് ഗ്രാമപഞ്ചായത്തിന്റെ കർത്തവ്യമായിരിക്കുന്നതാണ്. എന്നാൽ ഈ മേഖലകളിൽ പ്രോജക്ട് തയ്യാറാക്കി നടപ്പിലാക്കാത്തത് ശരിയല്ല. ഇക്കാര്യം ഭരണ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.(ഓഡിറ്റ് എൻക്വയറി നം. 13തീയ്യതി 30.06.2017)

## 3-4 ന്യൂട്രിമിക് ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധന നടത്തിയിട്ടില്ല.

കുമ്പള ഗ്രാമ പഞ്ചായത്തിലെ അംഗൻവാടി സെന്ററുകൾ വഴി വിതരണം ചെയ്യുന്നതിനുള്ള ന്യൂട്രിമിക്സ് ഭക്ഷ്യമിശ്രിതം അക്ഷയ ന്യൂട്രിമിക്സ്, പറമ്പ, കാസറഗോഡ് എന്ന സ്ഥാപനത്തിൽ നിന്നും വിവിധ മാസങ്ങളിലായി നിർവ്വഹണ ഉദ്യോഗസ്ഥയായ ഐ.സി.ഡി.എസ് സൂപ്പർവൈസർ വാങ്ങിയിട്ടുണ്ട്. 2016-17 സാമ്പത്തിക വർഷത്തിൽ ആകെ 5,424/- കി.ഗ്രാം ന്യൂട്രിമിക്സ് വാങ്ങിയതിന് 3,38,156/- രൂപ മേൽ സ്ഥാപനത്തിന് നൽകിയിട്ടുണ്ട്.

സാമൂഹ്യക്ഷേമ വകുപ്പ് ഡയറക്ടറുടെ 01.02.2010, 05.06.2010 എന്നീ തീയ്യതികളിലെ ഐ.സി.ഡി.എസ്.ബി. 3-312/2010 നമ്പർ കത്തുകൾ പ്രകാരം ഓരോ രണ്ട് മാസത്തിലൊരിക്കൽ ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കണം എന്ന് നിർദ്ദേശിക്കുന്നുണ്ട്. ഓഡിറ്റ് എൻക്വയറി നമ്പർ 10/28.12.2016 പ്രകാരം മേൽ സ്ഥാപനത്തിൽ

നിർമ്മിക്കുന്ന ന്യൂട്രിമിക്സിന്റെ സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കിയതിന്റെ രേഖകൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ടുവെങ്കിലും ആയത് പരിശോധനയ്ക്കായി ലഭ്യമാക്കിയിട്ടില്ല. അങ്കണവാടികൾ വഴി വിതരണം ചെയ്യുന്ന ന്യൂട്രിമിക്സ് ഭക്ഷ്യമിശ്രിതത്തിന്റെ ഗുണനിലവാരം പരിശോധിച്ച് ഉറപ്പ് വരുത്തുവാനുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ്.(ഓഡിറ്റ് എൻക്വയറി നം. 14തീയ്യതി 30.06.2017)

## 3-5 തുക നൽകിയിട്ടും മരുന്നുകൾ ലഭ്യമായിട്ടില്ല .

പ്രോജക്ട് നമ്പർ - പേര് - 94 / 16-17 . ഹോമിയോ ആശുപത്രിയിലേയ്ക്ക് മരുന്ന വാങ്ങൽ

ബിൽനമ്പർ -തുക - 1 / 16-17 . 2,00,000 /

നിർവഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ -ഹോമിയോ

ഗ്രാമപഞ്ചായത്തിന്റെ കീഴിലുള്ള ഹോമിയോ ആശുപത്രിയിലേയ്ക്ക് ഔഷധങ്ങൾ വാങ്ങുകയായിരുന്ന പദ്ധതിയുടെ ലക്ഷ്യം. പ്രൊജക്ട് നമ്പർ 94/17, ബിൽ നമ്പർ 1/ 16-17 തീയതി 19.01.2017 പ്രകാരം 2,00,000/രൂപ കേരള സംസ്ഥാന ഹോമിയോപൊതിക് കോ ഓപ്പറേറ്റീവ് ഫാർമസിക്ക് നൽകിയിട്ടുണ്ട് . എന്നാൽ ഓഡിറ്റ് തീയ്യതി വരെ മരുന്ന് ലഭിച്ചിട്ടില്ല. മരുന്ന് ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ചെലവു തുക 2,00,000/ രൂപ തടസ്സപ്പെടുത്തുന്നു.

## 3-6 ടാർ വാങ്ങുന്നതിന് തുക നൽകി , മുഴുവൻ തുകയ്ക്കും ടാർ ലഭിച്ചിട്ടില്ല .

2016-17 സാമ്പത്തിക വർഷത്തിൽ, 26 റോഡ് ടാറിംഗ് പ്രവർത്തികൾക്കായി അസിസ്റ്റന്റ് എൻജിനീയർ 23,30,479 / രൂപ സെക്രട്ടറിക്കു നൽകിയിട്ടുണ്ട് . പ്രസ്തുത തുകയിൽ Hindustan Coals Limited ന് 8,78,965 രൂപയും, Mangalore Refinery And Petrochemicals Limited ന് 14,17,223 രൂപയും കൂടി ആകെ 22,96,188 / രൂപ നൽകിയിട്ടുണ്ട്. മേൽ സ്ഥാപനങ്ങൾ ടാറും എമൽഷനും നൽകിയതിന്റെ വിവരം ചുവടെ ചേർക്കുന്നു .

| ക്രമനമ്പർ | സ്ഥാപനം | എമൽഷൻ ടാർ | ഇൻവോയിസ് നമ്പർ തീയതി | തുക |
|---|---|---|---|---|
| 1 | Hindustan Coals Private Limited | എമൽഷൻ RS 1 -24 ബാരൽ | 114608 dt 29.03.2017 | 1,75,209 |
| 2 | Hindustan Coals Private Limited | എമൽഷൻ -SS 1-59 ബാരൽ | 114608 dt 29.03.2017 | 6,84,367 |
| 3 | Mangalore Refinery And Petrochemicals Limited | vg-30 -ടാർ 60 ബാരൽ | Dpo-0000000073 / cs/ po -dtd 05.04.2017 | 3,17,922 |
| | | vg.30-ടാർ 60 ബാരൽ | Dpo-0000000086 / c s /po /2017-dtd.26.04.2017 | 3,17,922 |
| | | Vg.30-ടാർ 60 ബാരൽ | Dpo -0000000102 / cs /po / 2017 dtd.29.04.2017 | 31,79,922 |
| | | Vg.30 -ടാർ 60 | Dpo / 0000000120 / cs / po / | 3,20,724 |

| | | | | |
|---|---|---|---|---|
| | | ബാരൽ | 2017 dtd.03.05.2017 | |
| | | Vg.30-ടാർ 10ബാരൽ | Dpo0000000136 /cs/po/2017 dtd.06.05.2017 | 53,453 |
| | ആകെ | | | 21,87,519 |

Hindustan Colas Private Limitd ന് നൽകിയ8,78,965 രൂപയിൽ 8,59,576 രൂപയുടെ എമൽഷനം , Manglore Refinery And Petrochemicals Limited ന് നൽകിയ 14,17,223 രൂപയിൽ 13,27,943 / രൂപയുടെ ടാറുമാണ് ലഭിച്ചിട്ടുള്ളത് .

ലഭിക്കാനുള്ള തുകയുടെയും ഗ്രാമപഞ്ചായത്ത് അക്കൗണ്ടിൽ നീക്കിയിരിപ്പുള്ള തുകയുടേയും വിവരം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിൽ നീക്കിയിരിപ്പുള്ള തുക (23,30,479- 22,96,188 =34,291) | 34,291 |
| Hindustan Colas Private Limited ൽ നിന്നും ലഭിക്കാനുള്ള തുക(8,78,965-8,59,576= 19,389) | 19,389 |
| Manglore refinery And Petrochemicals ൽ നിന്നും ലഭിക്കാനുള്ള തുക (14,17,223-13,27,943= 89,280) | 89,280 |
| ആകെ | 1,42,960 |

1,08,669 (19,389+89,280) രൂപയുടെ ടാർ, എമൽഷൻ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. അല്ലായെങ്കിൽ അത്രയും തുക തിരികെ വാങ്ങേണ്ടതാണ്.

## 3-7 തെരുവ് വിളക്കുകളുടെ സംയുക്ത പരിശോധന നടത്തിയിട്ടില്ല.

2016-17 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ സ്ഥാപിച്ചിട്ടുള്ള തെരുവുവിളക്കുകളുടെ വൈദ്യുതി ചാർജ്ജിനത്തിൽ 6,59,670/--രൂപ കെ.എസ്.ഇ.ബി. യിൽ ഒടുക്കിയിട്ടുണ്ട്. തെരുവ് വിളക്കുകളുടെ എണ്ണം, ആയതിന് കെ.എസ്.ഇ.ബി. യിൽ പ്രതിമാസം ഒടുക്കുന്ന തുക എന്നിവ കാണിക്കുന്ന ഒരു രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടുണ്ട്. ആകെ തുക മാത്രം രേഖപ്പെടുത്തി പ്രതിമാസം കെ.എസ്.ഇ.ബി. നൽകിവരുന്ന ബില്ലിന്റെ അടിസ്ഥാനത്തിലാണ് ഗ്രാമപഞ്ചായത്ത് തുക ഒടുക്കുന്നത്. തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കുകയോ കെ.എസ്.ഇ.ബി.യും, ഗ്രാമപഞ്ചായത്തും സംയുക്ത പരിശോധന നടത്തി തെരുവ് വിളക്കുകളുടെ പ്രവർത്തനം വിലയിരുത്തുകയോ ചെയ്തിട്ടില്ല. ഏതെല്ലാം ഇനത്തിൽ പെട്ട വിളക്കുകൾക്കാണ് പഞ്ചായത്ത് ഇതേവരെ വൈദ്യുതിചാർജ്ജ് ഒടുക്കിവരുന്നത് എന്ന വിവരം പഞ്ചായത്തിലെ തെരുവു വിളക്കുകളുടെ രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല. തെരുവു വിളക്കുകൾക്ക് അറ്റകുറ്റ പണികൾ നടത്തുന്നതിന്റെ കൃത്യമായ വിവരം രേഖപ്പെടുത്തുന്നില്ല. സ്ഥാപിച്ചിട്ടുള്ള എല്ലാ തെരുവു വിളക്കുകളും ഇപ്പോഴും കത്തുന്നുണ്ടോ എന്നും കത്തുന്ന വിളക്കുകൾക്ക് തന്നെയാണ് വൈദ്യുതി ചാർജ്ജ് ഒടുക്കുന്നതെന്നും നിലവിൽ പഞ്ചായത്തിലെ സൂക്ഷിക്കുന്ന രജിസ്റ്ററിൽ നിന്നോ രേഖകളിൽ നിന്നോ കൃത്യമായ വിവരം ലഭിക്കുന്നില്ല. ആയതിനാൽ

പഞ്ചായത്തധികൃതർ ഇക്കാര്യത്തിൽ പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതും, കൃത്യമായ പരിശോധനകൾ നടത്തി, ഇതു പ്രകാരമുള്ള വിവരങ്ങൾ ഉൾപ്പെടുത്തി തെരുവ് വിളക്ക് രജിസ്റ്റർ കാലികമാക്കേണ്ടതും ഉപയോഗക്കുന്ന വിളക്കുകൾക്ക് മാത്രമേ വൈദ്യുതി ചാർജ്ജ് അടവാക്കുന്നുള്ളുവേന്നും ഉറപ്പുവരുത്തേണ്ടതാണ്.

## 3-8 ജീപ്പിന്റെ ഇന്ധനക്ഷമത പരിശോധിക്കുനില്ല.

വാഹനങ്ങളുടെ ഉപയോഗം സംബന്ധിച്ച ജി.ഒ.(എം.എസ്)170/07ത.സ്വ.ഭ.വ.തീയ്യതി 30-06-2007 സർക്കാർ ഉത്തരവ് പ്രകാരം 6 മാസത്തിലൊരിക്കൽ വാഹനത്തിന്റെ ഇന്ധനക്ഷമത പരിശോധിക്കേണ്ടതും ഇന്ധന ഉപയോഗം സംബന്ധിച്ച സർട്ടിഫിക്കേറ്റ് ലോഗ് ബുക്കിൽ രേഖപ്പെടുത്തേണ്ടതുമാണ്. എന്നാൽ കുമ്പള ഗ്രാമപഞ്ചായത്തിൽ ജീപ്പിന്റെ ഇന്ധനക്ഷമത കഴിഞ്ഞ 10 വർഷമായി പരിശോധിച്ചിട്ടില്ല. KL.14 F. 8752 അവസാനമായി ഇന്ധനക്ഷമത പരിശോധിച്ചത് തി 27.12.2007 നാണ്. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ പി.ഡബ്ല്യൂ.ഡി.മെക്കാനിക്കൽ സബ് ഡിവിഷൻ കണ്ണൂർ നൽകിയ റിപ്പോർട്ട് പ്രകാരം അന്ന് 13കി.മി /ലിറ്റർ ആണ് ഇന്ധനക്ഷമത. നിലവിലെ ഇന്ധന ക്ഷമത അടിയന്തിരമായി പരിശോധിച്ച് സാക്ഷ്യപത്രം കൈപ്പറ്റേണ്ടതാണ്.

## 3-9 ദേശീയ വികലാംഗ പുനരധിവാസ പദ്ധതി-NPRPD ഫണ്ട് ചെലവഴിച്ചിട്ടില്ല.

24.01.2017 ലെ ബാലൻസ് ഷീറ്റിൽ 320200305- contributions for specific purposes- other Govt.agencies എന്ന ഹെഡിൽ 18 ലക്ഷം രൂപ നീക്കിയിരിപ്പ് കാണുന്നു. ദേശീയ വികലാംഗ പുനരധിവാസ പദ്ധതിയിൽ വൈകല്യ സൗഹൃദ ഭവനം എന്ന പദ്ധതിക്കായി കാസറഗോഡ് ജില്ലാ പഞ്ചായത്തിൽ നിന്നും ലഭിച്ച തുകയാണ് ഇത്. ഇതിൽ 6 ലക്ഷം രൂപ 2015-16 ലും 12 ലക്ഷം രൂപ 2016-17 ലുമാണ് ലഭിച്ചത്. ഗുണഭോക്താക്കളെ 2015-16 ൽ തന്നെ തെരെഞ്ഞെടുത്തതാണ്. കൃത്യ സമയത്തു തന്നെ ഫണ്ട് ലഭിച്ചിട്ടുള്ള ഈ പ്രോജക്ട് നടപ്പിലാക്കാതെ നീട്ടി വയ്ക്കുന്നത് ശരിയല്ല. പ്രത്യേക പരിഗണന ലഭിക്കേണ്ട വിഭാഗത്തിനായുള്ള ഈ പദ്ധതി ഇനിയും കാലതാമസം വരുത്താതെ നടപ്പിലാക്കാൻ പഞ്ചായത്ത് ശ്രദ്ധിക്കേണ്ടതാണ്.

## 3-10 യുനാനി ആശുപത്രിയിലേക്ക് സെമി ഓട്ടോമാറ്റിക്ക് ലാബ് മെഷിനും ലബോറട്ടറി ഉപകരണങ്ങളും ഉപയോഗിക്കാതെ ആശുപത്രിയിൽ കെട്ടി കിടക്കുന്നു.

പദ്ധതി (so.54/17)

കുമ്പള ഗ്രാമ പഞ്ചായതിന്റെ 2016-17 വർഷത്തെ പദ്ധതി (so.54/17) പ്രകാരം യുനാനി ആശുപത്രിയിലേക്ക് 2,88,091 രൂപയുടെ സെമി ഓട്ടോമാറ്റിക്ക് ലാബ് മെഷിനും ലബോറട്ടറി ഉപകരണങ്ങളും Oxygen 360, A5/safiya tower, yogasala Road,Kannur എന്ന സ്ഥാപനത്തിൽനിന്നു Invoice No 267/21.03.2017 പ്രകാരം (വൗച്ചർ നം.21601207/31.03.2017, ചെക്ക് നം.653512/31.03.2017)വാങ്ങിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട്, യുനാനി ആശുപത്രിയിൽ 01.04.2017 തിയതിയ്ക്ക് ഭൌതിക പരിശോധന നടത്തിയതിൽ സെമി ഓട്ടോമാറ്റിക്ക് ലാബ് മെഷിനും ലെബോറട്ടറി ഉപകരണങ്ങളും ഉപയോഗിക്കാതെ ആശുപത്രിയിൽ കെട്ടി വെച്ചതായി കണ്ടു. ഇതിനുള്ള കാരണം വ്യക്തമാകേണ്ടതാണ്.ഉപകരണങ്ങൾ ഉപയോഗപ്പെടുത്തതിനുള്ള നടപടികൾ സ്വീകരിച്ച് റിപ്പോർട്ട്

ചെയ്യേണ്ടതാണ്. ചെലവുകൾ തടസ്സപ്പെടുത്തുന്നു.

## 3-11 മരുന്നുകൾ പ്രാഥമിക ആരോഗ്യ കേന്ദ്രത്തിന് ലഭിച്ചിട്ടില്ല.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽഓഫീസർ, പി.എച്ച.സി,ഉടുമ്പന്തല |
| പ്രോജക്ട് നമ്പർ | SO.81/17 |
| പ്രോജക്ടിന്റെ പേര് - | പെയിൻ & പാലിയേറ്റീവ് കെയർ സ്പെഷൽ പ്രേജക്ട് |
| ട്രഷറി നമ്പർ ബിൽ നമ്പർ | 07/17-തീയ്യതി-30-03-2017, 47,549/- (പൊതു വിഭാഗം സാധാരണം ) |

മേൽ പ്രോജക്ട് പ്രകാരം ആരിക്കാടി പി.എച്ച്.സി.യിലേക്ക് മരുന്ന് വാങ്ങുന്നതിനായി 30-03-2017 ലെ ട്രഷറി ബിൽ നമ്പർ -07/17 പ്രകാരം 47,579/-/-രൂപ പിൻവലിച്ച് കേരളാ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ്, തിരുവനന്തപുരം എന്ന സ്ഥാപനത്തിന് (Invoice No. PRI 3354) പ്രകാരം നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരെയായും കേരളാ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ നിന്നും മരുന്നുകൾ പ്രാഥമിക ആരോഗ്യ കേന്ദ്രത്തിന് ലഭിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ, 47,579/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. അവശേഷിച്ച മരുന്നുകൾ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും മരുന്നുകൾ ലഭിച്ചതിന്റെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 3-12 മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി -വേതന വിതരണത്തിൽ കുട്ടിശ്ശിക

മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ നടപ്പിലാക്കിയ പ്രവൃത്തികളുടെ വേതന വിതരണത്തിൽ വലിയ കുടിശ്ശിക കാണുന്നു. ഓഡിറ്റ് ചെയ്ത തിയതി വരെ 90 പ്രവൃത്തികളിലായി 53,05,763/- ലക്ഷം രൂപ തൊഴിലാളികൾക്ക് വിതരണം ചെയ്യാൻ ബാക്കിയുണ്ട്. 2016 ഒക്ടോബർ 1 മുതൽ മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ചെയ്ത പ്രവൃത്തികളുടെ വേതന വിതരണമാണ് കുടിശ്ശികയായിട്ടുള്ളത്. 2005 ലെ മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നിയമത്തിലെ വകുപ്പ് 3 പ്രകാരം മസ്റ്റർ റോൾ ക്ലോസ് ചെയ്ത് 15 ദിവസങ്ങൾക്കകം തൊഴിലാളികൾക്ക് വേതനം വിതരണം ചെയ്തിരിക്കേണ്ടതാണ്. അല്ലാത്ത പക്ഷം നിയമത്തിലെ രണ്ടാം ഷെഡ്യൂളിലെ ഖണ്ഡിക 29 അനുസരിച്ച് കേന്ദ്ര സർക്കാർ തയ്യാറാക്കിയ delay compensation system പ്രകാരം മസ്റ്റർ റോൾ ക്ലോസ് ചെയ്ത് 16 ദിവസം മുതൽ പ്രതിദിനം 0.05% നിരക്കിൽ നഷ്ടപരിഹാരം നൽകാൻ കേന്ദ്ര സംസ്ഥാന സർക്കാരുകൾക്കും പദ്ധതി നടപ്പിലാക്കുന്ന ഏജൻസികൾക്കും ബാദ്ധ്യതയുണ്ട്. പഞ്ചായത്തിൽ നിന്നും പ്രവൃത്തികൾ സംബന്ധിച്ച എല്ലാ കാര്യങ്ങളും കൃത്യ സമയത്തു ചെയ്തിട്ടുണ്ട്. എന്നിട്ടും തൊഴിലാളികൾക്കുള്ള വേതനം മാസങ്ങളായി തടസ്സപ്പെട്ടിരിക്കുകയാണ്. ഈ വിഷയം അടിയന്തിരമായി സംസ്ഥാന സർക്കാരിന്റെയും കേന്ദ്ര ഗ്രാമ വികസന മന്ത്രാലയത്തിന്റെയും ശ്രദ്ധയിൽ കൊണ്ടു വന്ന് തൊഴിലാളികൾക്കുള്ള വേതനം ഉടൻ ലഭ്യമാക്കാൻ ശ്രമിക്കേണ്ടതാണ്. മാസങ്ങളായി വേതനം ലഭിക്കാത്തതിനാൽ പഞ്ചായത്തിൽ 2017-18 വർഷം തൊഴിലെടുക്കുവാൻ തൊഴിലാളികൾ തയ്യാറാവാത്തതു കാരണം മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി തടസ്സപ്പെട്ടിരിക്കുകയാണ്. ആയതിനാൽ ഇക്കാര്യത്തിൽ അടിയന്തിര നടപടികൾ കൈക്കൊള്ളേണ്ടതാണ്.

# 3-13 പത്ര പരസ്യ ചാർജ്ജ് ഡിസ്കൗണ്ട് ലഭിച്ചിട്ടില്ല .

പദ്ധതി രൂപീകരണ നിർവ്വഹണ ചെലവ് -പദ്ധതി നം.77/17

ജി.ഒ.(ആർ.ടി.)288/2014/പി.&എ.ആർ.ഡി. 10-09-2014 പ്രകാരം, വിവിധ ദിനപത്രങ്ങളുടെ പരസ്യനിരക്ക് എഡിഷൻ അടിസ്ഥാനത്തിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഈ ഉത്തരവിൽ, സർക്കാർ സ്ഥാപനങ്ങൾ പരസ്യങ്ങൾ പി.&എ.ആർ.ഡി. വകുപ്പ് മുഖേന നല്കിയാലും നേരിട്ട് നല്കിയാലും 15% ഡിസ്കൗണ്ട് അനുവദിക്കണം എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ താഴെ കൊടുത്തിരിക്കുന്ന പത്ര പരസ്യങ്ങൾക്ക് ബിൽ തുക നല്കിയപ്പോൾ തുകയിൽ 15% കുറവ് ലഭിച്ചിട്ടില്ല.

| ക്രമ നമ്പർ | പത്രത്തിന്റെ പേര് | ബിൽ നമ്പർ / തിയതി | നിരക്ക് | നീളം/വീതി | വൗച്ചർ നമ്പർ/ തിയതി | നൽകിയ തുക/ ചെക്ക് നമ്പർ | നൽകേണ്ട തുക | അധികം നൽകിയത് |
|---|---|---|---|---|---|---|---|---|
| 1 | ചന്ദ്രിക | 1295/09.12.2016 | 80/- | 7.00x8.00 | 21601116/ 27.03.2017 | 4,400/- 991300/27.03.2017 | 3,740/- | 660/- |
| 2 | ചന്ദ്രിക | 1999/ dt.18.12.2016 | 80/- | 5.00x80.00 | 21601116/ 27.03.2017 | 3,200/- 991300/27.03.2017 | 2,720/- | 480/- |
| 3 | ചന്ദ്രിക | 1460/ dt.08.01.2017 | 80/- | 5.00x8.00 | 21601116/ 27.03.2017 | 3,200/- 991300/27.03.2017 | 2,720/- | 480/- |
| 4 | ചന്ദ്രിക | 1657/ dt.11.02.2017 | 80/- | 5.00x8.00 | 21601116/ 27.03.2017 | 4,400/- 991300/27.03.2017 | 3,740/- | 660/- |
| 5 | ചന്ദ്രിക | 1856/ dt.11.03.2017 | 110/- | 8.00x8.00 | 21601116/ 27.03.2017 | 7,040/- 991300/27.03.2017 | 5,984/- | 1056/- |
| 6 | ചന്ദ്രിക | 1816/ dt.07.03.2017 | 110/- | 7.00x8.00 | 21601116/ 27.03.2017 | 6,160/- 991300/27.03.2017 | 5,236/- | 924/- |
| 7 | ചന്ദ്രിക | 1028/ dt.20.10.2016 | 80/- | 6.00x8.00 | 21601116/ 27.03.2017 | 3,840/- 991300/27.03.2017 | 3,264/- | 576/- |
| 8 | ചന്ദ്രിക | 1339/ dt.18.12.2016 | 80/- | 5.00x8.00 | 21601116/ 27.03.2017 | 3,200/- 991300/27.03.2017 | 2,720/- | 480/- |
| 9 | ചന്ദ്രിക | 2362/ 22.03.2016 | 80/- | 7.00x8.00 | 21600178/ 20.06.2016 | 4480/- 6780/20.06.2016 | 3,808/- | 672/- |
| 10 | ചന്ദ്രിക | 2138/ 20.02.2015 | 80/- | 10.00x8.00 | 21600179/ 20.06.2016 | 7,680/- 6780/20.06.2016 | 6528/- | 1,152/ |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | | | | | | ആകെ | 7,140/- |

മേൽവിവരിച്ച പ്രകാരം ആകെ 7,140/- രൂപ അധികം നൽകിയിട്ടുണ്ട്. പത്ര പരസ്യങ്ങൾക്ക് ബിൽ തുക നല്കിയപ്പോൾ മേൽ ഉത്തരവുകൾ പ്രകാരമുള്ള 15% ഇളവ് ക്ലെയിം ചെയ്യാതെ ബിൽ തുക മുഴുവൻ നല്കിയതിന് ഓഡിറ്റ് എൻക്വയറി നം.13/03.07.2017 പ്രകാരം വിശദീകരണം ചോദിച്ചതിന് മറുപടി നൽകിയിട്ടില്ല. അധികം നൽകിയ തുക തിരിച്ചുപിടിച്ച് വിശദവിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-14 ജി.ബി.എൽ.പി.എസ്.ഉജാർ ഉളവാർ പെഡഗോജിക്ക് പാർക്കിൽ സി.സി.ടി.വി.സ്ഥാപിക്കൽ പദ്ധതിയിലെ അപാകത.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ, ഗവൺമെന്റ് ഡബ്ല്യൂ.എൽ.പി.സ്കൂൾ,കുമ്പള |
| പ്രോജക്റ്റിന്റെ പേര്<br>പ്രോജക്റ്റ് നമ്പർ | ജി.ബി.എൽ.പി.എസ്.ഉജാർ,ഉളവാർ പെഡഗോജിക്ക് പാർക്കിൽ സി.സി.ടി.വി.സ്ഥാപിക്കൽ<br>SO.69/17 |
| വൗച്ചർ നമ്പർ | 21600857/27-01-2017<br>39,390/-രൂപ ( തനത് ഫണ്ട് ) |

2016-17 സാമ്പത്തിക വർഷത്തിൽ ജി.ബി.എൽ.പി.എസ്.ഉജാർ ഉളവാർ പെഡഗോജിക്ക് പാർക്കിൽ സി.സി.ടി.വി.സ്ഥാപിക്കൽ പദ്ധതിക്കായി ( പ്രൊജക്റ്റ് നമ്പർ -SO.69/17) വൗച്ചർ നമ്പർ 21600857/27-01-2017പ്രകാരം തനത് ഫണ്ടിൽ നിന്നും 39,390/-രൂപ ചെലവഴിച്ചിട്ടുണ്ട്. TELE WORLD, കാസർഗോഡ് എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിച്ച്കൊണ്ട് ഇൻവോയ്സ് നമ്പർ 180/01-11-2016 പ്രകാരം LED മോണിറ്റർ -1, IR Bulleet ക്യാമറ-3, 4 chanal DVR-1, ITB Hard disc-1, SMPS Supply-1, cable and cable charge-1എന്നിവയാണ് വാങ്ങിയത്. ചെക്ക് നമ്പർ 7057963/10-02-2017-ന് 39,390/-രൂപ TELE WORLD, കാസർഗോഡ് എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. ഈ പദ്ധതി നടപ്പിലാക്കിയതിൽ താഴെപ്പറയുന്ന അപാകതകൾ ഓഡിറ്റ് പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ട്.

1) ഈ പദ്ധതിക്ക് ലഭിച്ച ടെണ്ടറുകൾ, പർച്ചേസ് കമ്മിറ്റി, ഭരണസമിതി എന്നിവ ടെണ്ടർ അംഗീകരിച്ച് ലഭ്യമാക്കിയ സി.സി.ടി.വി സ്ഥാപിക്കുന്നതിനുവേണ്ടിയുള്ള ഉപകരണങ്ങളുടെ സ്പെസിഫിക്കേഷൻ പരിശോധിച്ചത്, ലഭ്യമാക്കിയവയുടെ ഗുണനിലവാരം പരിശോധിച്ചത്, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ സംബന്ധിച്ച രേഖകൾ ഓഡിറ്റ് പരിശോധനയ്ക്ക് ഹജരാക്കിയിട്ടില്ല.

മേൽ സൂചിപ്പിച്ച അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട്കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.11/30.06.2017ന് നിർവ്വഹണ ഉദ്യോഗസ്ഥൻ സമർപ്പിച്ച മറുപടിയിൽ മേൽപറഞ്ഞ അപാകതകൾ പരിഹരിക്കുന്നതിനുതകുന്ന രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കാത്ത സാഹചര്യത്തിൽ 39,390/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 3-15 പ്രൊജക്ടുകൾ സമയബന്ധിതമായി നടപ്പിലാക്കാത്തത് മൂലം പഞ്ചായത്തിന് 2.35 കോടി വിനിയോഗിക്കാൻ സാധിച്ചില്ല.

വികസന പ്രവർത്തനങ്ങൾ ഫലപ്രദമായി നടപ്പാക്കുന്നതിനായി 2016-17 സാമ്പത്തിക വർഷം ഗ്രാമ പഞ്ചായത്തിന് സംസ്ഥാന സർക്കാരിൽനിന്നും വികസന ഫണ്ട്, സംരക്ഷണ ഗ്രാന്റ്, ലോക ബാങ്ക് ധന സഹായം, ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നീ ഇനങ്ങളിൽ ആകെ 4.95 കോടി രൂപ (₹ 4,95,71935/-) അനുവദിച്ചിട്ടുണ്ട്. ഇതിൽ 2.60കോടി രൂപ (₹ 2,60,57,407/-) മാത്രമാണ് ഗ്രാമ പഞ്ചായത്ത് തൻവർഷം വിനിയോഗിച്ചത്. സമയബന്ധിതമായി പ്രൊജക്ടുകൾ നടപ്പാക്കാത്തതിനാൽ 2.35കോടി രൂപ (₹ 2,35,14,528/-) വിനിയോഗിക്കാൻ സാധിച്ചില്ല. (31.03.2017-ന് ട്രഷറിയിൽ ക്യൂ സിസ്റ്റത്തിൽ നിന്ന 4 പദ്ധതികളുടെ തുകയായ 12,19,487/-രൂപ 2016-17 സാമ്പത്തിക വരഷത്തെ അൗക്കണ്ടിൽ വരവ് ചെലവായി രേഖപ്പെടുത്തിയിട്ടിട്ടുണ്ട് എന്നാൽ ട്രഷറി സ്റ്റേറ്റ്മെന്റിൽ പ്രസ്തുത തുക 2017-18 സാമ്പത്തിക വർഷത്തെ വരവ്- ചെലവായിട്ടാണ് രേഖപ്പെടുത്തിയിട്ടുള്ളത്. അതായത് വികസന പ്രവർത്തനങ്ങൾക്ക് ഗ്രാമ പഞ്ചായത്തിന് തൻവർഷം അനുവദിച്ച തുകയുടെ 47.44% തുക ചെലവ് ചെയ്യാത്തതിനാൽ ലാപ്സാവുകയാണണ്ടായത്. (പദ്ധതി ചെലവിന്റെ വിശദാംശങ്ങൾ ഈ റിപ്പാർട്ടിലെ ഖണ്ഡിക 1-5ൽ ചേർത്തിട്ടുണ്ട്). 2016-17 സാമ്പത്തിക വർഷം ആകെ 233 പദ്ധതികൾക്ക് അംഗീകാരം ലഭിച്ചെങ്കിലും 100 പദ്ധതികൾ മാത്രമാണ് തൻവർഷം നടപ്പിലാക്കിയത്. ഇത് അംഗീകാരം ലഭിച്ച പദ്ധതികളുടെ 42.9% മാത്രമാണ്.

ഗ്രാമ പഞ്ചായത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനും മറ്റ് വികസന ആവശ്യങ്ങൾക്കും വേണ്ടി ഉപയോഗപ്പെടുത്താമായിരുന്ന തുകയാണ് പദ്ധതി നിർവ്വഹണത്തിന്റെ കാര്യക്ഷമത ഇല്ലായ്മയും, വേഗതക്കുറവും കാരണം നഷ്ടപ്പെടാനിടയായത്.

ഗ്രാമ സഭകളിൽ നിന്ന് ഉയർന്ന് വരുന്ന ഓരോ പദ്ധതികളും ഫലപ്രദമായി നടപ്പാക്കുന്നത് പഞ്ചായത്തിന്റെ ഉത്തരവാദിത്തമാണ്. പദ്ധതി നിർവ്വഹണത്തിലെ കാര്യക്ഷമത ഇല്ലായ്മ, ജനങ്ങളെ ഗ്രാമ സഭകളിൽ നിന്നും, ഗ്രാമ പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങളിൽ പങ്കാളികളാവുന്നതിൽ നിന്നും, പിന്നോട്ട് വലിക്കുന്നതിന് കാരണമാകുന്നതാണ്. ജനങ്ങളുടെ സഹകരണത്തോടെ ഗ്രാമ സഭകളും വർക്കിങ് ഗ്രൂപ്പുകളുമൊക്കെ ഫലപ്രദമായി ഉപയോഗപ്പെടുത്തി ലഭ്യമായ ഫണ്ടുകൾ മുഴുവൻ വികസന പ്രവൃത്തികൾക്കായി ഉപയോഗപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. സർക്കാർ ഉത്തരവുകൾക്കും നിർദ്ദേശങ്ങൾക്കുമനുസരിച്ച് പ്രൊജക്ടുകൾ സമയബന്ധിതമായി രൂപീകരിച്ച് ഭരണ സമിതിയും, നിർവ്വഹണോദ്യോഗസ്ഥന്മാരും, ജീവനക്കാരും ഒത്തൊരുമിച്ച് പ്രവൃത്തിച്ച് പദ്ധതി പണം മുഴുവൻ ചെലവഴിക്കാൻ ഊർജ്ജിത ശ്രമം നടത്തണ്ടതാണ്.

## 3-16 ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ - വി.ഇ.ഒ. കുമ്പള

പ്രോജക്ടിന്റെ പേര് - ഇ.എം.എസ്. ഭവന പദ്ധതി

നിർവ്വഹണ ഉദ്യോഗസ്ഥൻ വി.ഇ.ഒ. ലഭ്യമാക്കിയ സ്റ്റേറ്റ്മെന്റ് പ്രകാരം ഇ.എം.എസ്. ഭവന പദ്ധതി പ്രകാരം നിർമ്മാണമാരംഭിച്ച ചുവടെ ചേർത്ത ഗുണഭോക്താക്കൾ നാളിതുവരെയായിട്ടും ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ലാത്തതായി കാണുകയുണ്ടായി. നിർമ്മാണം പൂർത്തീകരിക്കാത്ത വീടുകൾ നിലവിലുള്ള സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ച് എത്രയും വേഗം പൂർത്തീകരിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പേരും വിലാസവും | ചെക്ക് നമ്പർ - തീയതി | തുക | നൽകാനുള്ള തുക |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | | | | |
| 1 | സബാൻ, s/oഹസൈനാർ, ആരിക്കാടി കടവത്ത് | 049422തിയതി.19.06.2010, | 22,500 | 22,500 |
| | | 049480തിയതി.30.07.2010 | 30,000 | |
| 2 | ബീഫാത്തിമ, w/o ഇബ്രാഹിം, ആരിക്കാടി കടവത്ത് | 049423തിയതി.19.06.2010, | 22,500 | 22,500 |
| | | 470382തിയതി.02.08.2010 | 30,000 | |
| 3 | അബ്ദുൽ റഹ്മാൻ, s/oഅബ്ദുല്ല, കോയിപ്പാടി | 049499തിയതി19.06.2010, | 22,500 | 22,500 |
| | | 049441തിയതി.09.07.2010 | 30,000 | |
| 4 | ചനിയ മൂല്യ, s/oഅമ്മു മൂല്യ, പുണിയൂർ ഹൌസ്, കിദൂർ | 049435തിയതി.05.07.2010 | 22,500 | 52,500 |
| 5 | കലാവതി ഗോപാല കൃഷ്ണ, റയാൻ ക്വാട്ടേർസ്, കുണ്ടങ്കാരട്ക്ക | 472681തിയതി.30.12.2010 | 22,500 | 7,500 |
| | | 473210തിയതി.11.04.2011 | 30,000 | |
| | | 473696തിയതി.25.06.2011 | 15,000 | |
| 6 | ആയിഷ, w/oഅബ്ദുൽ റഹ്മാൻ, മൈൻഗുഡൽ ഹൌസ്, കുമ്പള | 470390തിയതി.03.08.2010 | 22,500 | 22,500 |
| | | 470401തിയതി.11.08.2010 | 30,000 | |

| | | | | |
|---|---|---|---|---|
| 7 | ദേവകി ബല്യായ, w/o നാരയണ ബല്യായ, മാക്കൂർ, ബംബ്രാണ | 470384തിയതി.02.08.2010<br>47240-തിയതി. 13.12.2010 | 22,500<br>30,000 | 22,500 |
| 8 | ഈശ്വര ആചാര്യ, കെ.വി.എസ് കോംപൌണ്ട്, ബീച്ച് റോഡ്, കുമ്പള | 049434തിയതി.05.07.2010 | 52500 | 22,500 |
| 9 | കണ്ണപ്പ ആചാര്യ, s/o ലിംഗപ്പ ആചാര്യ, മണിപുര, കിദൂർ | 049457തിയതി.21.07.2010 | 22500 | 52,500 |
| 10 | കദീജ, w/o അബ്ദുല്ല ആരിക്കാടി കടവത്ത് | 470385തിയതി.02.08.2010 | 22,500 | 52,500 |
| 11 | ദേവകി, w/o ഐത്തപ്പ ഷെട്ടി, കിദൂർ കമ്മൻഡില | 472495തിയതി.17.12.2010<br>476760തിയതി.16.04.2012<br>189045തിയതി.25.01.2016 | 22,500<br>30,000<br>15,000 | 7,500 |
| 12 | നാരയണ, s/o നമ്പി, പേരാൽ ഹൌസ്, മൊഗ്രാൽ | 473663തിയതി.19.04.2011 | 22,500 | 52,500 |
| 13 | താഹിറ, w/o സർപുദ്ദീൻ, പ്രേം നഗർ, ആരിക്കാടി | 473677തിയതി.16.06.2011 | 22,500 | 7,500 |

| | | | | |
|---|---|---|---|---|
| | | 473687തിയതി.20.06.2011 | 30,000 | |
| | | 476541തിയതി.15.03.2012 | 15,000 | |
| 14 | ലക്ഷ്മി, w/oനരസിംഹ, മളി കഞ്ചിക്കട്ടെ (പട്ടിക ജാതി) | 472861തിയതി.05.02.2011 | 30,000 | 15,000 |
| | | 473671തിയതി.18.05.2011 | 40,000 | |
| | | 474396തിയതി.29.08.2011 | 15,000 | |

ഭവന നിർമ്മാണം ( ജനറൽ ) 2012-13

| ക്രമ നമ്പർ | പേരും മേൽ വിലാസവും | ചെക്ക് നമ്പർ , തീയ്യതി | തുക | നൽകാനുള്ള തുക |
|---|---|---|---|---|
| 1 | താഹിറ, w/o മുസ്തഫ, ബദ്രിയ നഗർ , മൊഗ്രാൽ | 087990തിയതി.27.03.2013, | 15,000 | 1,05,000 |
| | | 376094-തിയതി.10.04.2013 | 30,000 | |
| 2 | അബ്ദുൽ അസീസ്, s/o മമ്മുഞ്ഞി, വലിയ നാങ്കി ഹൌസ്, മൊഗ്രാൽ | 376099-തിയതി.06.04.2013 | 45,000 | 60,000 |
| | | 377910-തിയതി.10.05.2013 | 45,000 | |
| 3 | സക്കരിയ്യ, s/oഅബൂബക്കർ, ചോനമ്പാടി ഹൌസ്, ബംബ്രാണ | 087967-തിയതി.26.03.2013 | 15,000 | 60,000 |
| | | 101821-തിയതി.15.12.2013 | 30,000 | |
| | | 277065-തിയതി.11.08.2014 | 45,000 | |
| 4 | ആമിന, w/oപള്ളി, പെൽത്തടക്ക ഹൗസ്, കൊടിയമ്മ | 087909-തിയതി.26.03.2013 | 45,000 | 60,000 |

| | | | | |
|---|---|---|---|---|
| | | 377907-തിയതി.10.05.2013 | 45,000 | |
| 5 | അബ്ദുൽ റഹ്മാൻ സി.ബി, അബ്ദുൽ ഖാദർ, നടപ്പള്ളം | 088020-തിയതി.27.03.2013 | 15000 | 1,35,000 |
| 6 | സുന്ദരി, w/o സഞ്ജീവ പൂജാരി, ശിവ ഗിരി , കിദ്ദൂർ | 376085-തിയതി.06.04.2013 | 15,000 | 15,000 |
| | | 307518തിയതി.30.03.2014, | 45,000 | |
| | | 377905തിയതി.10.05.2013, | 30,000 | |
| | | 184227 dated 14.12.2015 | 45,000 | |
| 7 | അബ്ദുൽ റഹ്മാൻ, s/oമുഹമ്മദ് കോയിപ്പാടി കടപ്പുറം | 087991 dated 27.03.2013, | 45,000 | 15,000 |
| | | 376080 dated 06.04.2013, | 45,000 | |
| | | 184227 dated 14.12.2015 | 45,000 | |
| 8 | ഏലിയാമ്മ കെ.പി, w/o ജോഹ സി.ടി, കെ.വി.എസ് കോംപൌണ്ട്, കോയിപ്പാടി | 088003 dated 27.03.2013, | 15,000 | 60,000 |
| | | 273842 dated 13.08.2013, | 30,000 | |
| | | 439638 dated 01.03.2014 | 45,000 | |
| 9 | ഫാത്തിമത്ത് സുഹറ, w/o മൂസ, മൈമൂൻ നഗർ, കുമ്പള | 087972 dated 26.03.2013, | 15,000 | 1,05,000 |
| | | 996056 dated 26.11.2014 | 30,000 | |
| 10 | ബീഫാത്തിമ, w/o പക്രുദ്ദീൻ, പെർവാഡ് | 101808 dated 05.12.2013, | 30,000 | 15,000 |
| | | 996056 dated 26.11.2014 | 15,000 | |
| | | 439632 dated 01.03.2014 | 90,000 | |

| | | | | |
|---|---|---|---|---|
| 11 | അബ്ദുൽ ഹക്കീം, s/o അബ്ദുല്ല കുഞ്ഞി, രിഫാഹിയ്യ നഗർ, ബന്നംകുളം | 087975 dated 26.03.2013 | 15,000 | 1,35,000 |
| 12 | രാമനാഥ ഗട്ടി നാരയണ ഗട്ടി, ദർബാർക്കട്ട | 087993 dated 27.03.2013 | 60,000 | 90,000 |

ഭവന നിർമ്മാണം ജനറൽ ( ജനറൽ ) 2013-14

| ക്രമ നമ്പർ | പേരും വിലാസവും | ചെക്ക് നമ്പർ - തീയതി | തുക | നൽകാനുള്ള തുക |
|---|---|---|---|---|
| 1 | ആയിഷ, w/o മൊയ്തീൻഷാ , പൊട്ടോരി | 440668 dated 30.01.2014, | 15,000 | 45,000 |
| | | 277821 dated 18.07.2014, | 45,000 | |
| | | 997355 dated 02.02.2015 | 45,000 | |
| 2 | ബീഫാത്തിമ, w/oമൂസ, ചളിയംകോട് ഹൗസ്, മൊഗ്രാൽ | 440664 dated 30.01.2014 | 15,000 | 1,35,000 |
| 3 | നാസിർ.എം.കെ, s/o അബ്ദുല്ല, മന്ദിരക്കണ്ടം ഹൗസ്, മൊഗ്രാൽ | 3070990dated 26.03.2014, | 15,000 | 15,000 |
| | | 277826 dated 15.07.2014, | 90,000 | |
| | | 995955 dated 19.11.2017 | 30,000 | |

ഭവന നിർമ്മാണം ജനറൽ ( ജനറൽ ) 2014-15

| ക്രമ നമ്പർ | പേരും വിലാസവും | ചെക്ക് നമ്പർ - തീയതി | തുക | നൽകാനുള്ള തുക |
|---|---|---|---|---|
| 1 | ഹസൈനാർ,s/oസബാൻ, ആരിക്കാടി കടവത്ത് | 997461 dated 04.02.2015, | 20,000 | 20,000 |
| | | 565214 dated | 60,000 | |

| | | | | |
|---|---|---|---|---|
| | | 02.03.2015 | | |
| | | 566427 dated 31.03.2015, | 60,000 | |
| | | 637856 dated18.11.15 | 40,000 | |
| 2 | ബീരാൻ മൊയ്തീൻ, s/o അന്തുഞ്ഞി, കൊപ്പളം ഹൗസ്, മൊഗ്രാൽ | 565215 dated 02.03.2015 | 20,000 | 1,80,000 |
| 3 | യൂസഫ്, s/o അന്തു, ആരിക്കാടി | 565652 dated 23.03.2015 | 20,000 | 1,80,000 |
| 4 | ജനാർദ്ദന ആചാര്യ, s/o വെങ്കട്ട ആചാര്യ, ആരിക്കാടി | 566429 dated 21.03.2015 | 20,000 | 1,80,000 |
| 5 | സരോജിന, w/o ജയരാമ, മാധവപൈ കോംപൗണ്ട്, കുമ്പള | 637845 dated 18.11.2015, | 80,000 | 20,000 |
| | | 188314 dated 23.02.2016, | 60,000 | |
| | | 187821 dated 30.03.2016 | 40,000 | |

ഭവന നിർമ്മാണം ( വനിത ) 2014-15

| ക്രമ നമ്പർ | പേരും വിലാസവും | ചെക്ക് നമ്പർ - തീയതി | തുക | നൽകാനുള്ള തുക |
|---|---|---|---|---|
| 1 | നഫീസത്തുൽ മിസ്രിയ, w/o മുഹമ്മദ്, പേരാൽ ലക്ഷംവീട്, മൊഗ്രാൽ | 184268 dated 15.12.2015 | 1,80,000 | 20,000 |

ഭവന നിർമ്മാണം (ജനറൽ 2015-16

| ക്രമ നമ്പർ | പേരും വിലാസവും | ചെക്ക് നമ്പർ - തീയതി | തുക | നൽകാനുള്ള ക |
|---|---|---|---|---|
| 1 | ശാരദ w/o ജനാർദ്ദന, പെർവാഡ്, കുമ്പള | 189179 dated 22.1.16 | 80,000 | 60,000 |
| | | 188228 20.02.16 | 60,000 | |
| 2 | മറിയമ്മത്ത് സാജിത അബ്ദുൽ ആരിഫ്, കല്ലായം , പേരാൽ | 189274 dated 25.01.2016, | 20000 | 60,000 |

| | | | | |
|---|---|---|---|---|
| | | 188231 . 20.02.16 | 60,000 | |
| | | 187125 .21.03.16 | 60,000 | |
| 3 | ഇബ്രാഹിം,s/o മമ്മുഞ്ഞി, സാല ഹൌസ്, കൊടിയമ്മ | 189270 dated 25.01.2016, | 80000 | 20,000 |
| | | 188234 dated 20.02.2016 | 60000 | |
| | | NEFT dated16.02.2017 | 40,000 | |
| 4 | നാരയണ,s/oകുഞ്ഞിരാമ, ദണ്ഡഗോളി, കിദ്ദൂർ | 188869 dated 15.03.2016, | 20,000 | 20,000 |
| | | 187131 dated 21.03.2016, | 60,000 | |
| | | NEFT dated 28.01.2017 | 60,000 | |
| | | NEFT dated 30.03.2017 | 40,000 | |
| 5 | രേവതി, w/oപത്മനാഭ, കുണ്ടങ്കാരട്ക്ക | 187122 dated 21.03.2016, | 80,000 | 20,000 |
| | | 187641 dated 29.03.2016 | 60,000 | |
| | | NEFT dated 28.01.2017 | 40,000 | |
| 6 | സഫീസത്ത് മിസ്രിയ, w/o ഇബ്രാഹിം, ആരിക്കാടി | 187123 dated 21.03.2016, | 80000 | 20,000 |
| | | NEFT dated 16.02.2017, | 60,000 | |
| | | NEFT 30.03.2017 | 40,000 | |
| 7 | ബീഫാത്തിമ ഷരീഫ്, s/o മൊയ്തീൻ കുഞ്ഞി, ആരിക്കാടി കടവത്ത് | 189273 dated 25.01.2016, | 20,000 | 20,000 |

| | | | | |
|---|---|---|---|---|
| | | 188229 dated 20.02.2016, | 60,000 | |
| | | 187124 dated 21.03.2016, | 60,000 | |
| | | 792026 dated 06.12.2016 | 40,000 | |
| 8 | ബാബു,s/oശങ്കരമൂല്യ, നിയർ പഞ്ചായത്ത് ഓഫീസ്, കുമ്പള | 189275 dated 25.01.2016, | 20,000 | 20,000 |
| | | 188866 dated 15.03.2016, | 60,000 | |
| | | 187639 dated 29.03.2016, | 60,000 | |
| | | 614493 dated7.11.2016 | 40,000 | |
| 9 | സുഹറ, w/o അബ്ദുൽ ഖാദർ, മൊഗ്രാൽ | 187647 dated 29.03.2016, 792025 dated 6.12.2016 | 20,000 | 60,000 |
| | | 792025 dated 6.12.2016 | 60,000 | |
| | | NEFT dtd 23.02.17 | 60,000 | |
| 10 | റുഖിയ, d/o യൂസഫ്, കൊട്ടുവ ഹൌസ്, കിദൂർ | 792024 dated 06.12.2016, | 80,000 | 60,000 |
| | | NEFT 28.01.2017 | 60,000 | |
| 11 | നസീമ.സി.എ,w/oറഫീഖ്, മൈൻഡുഡൽ ഹൌസ്, കൊടിയമ്മ | NEFT dated 23.02.2017, | 80,000 | 60,000 |
| | | NEFT dated 20.03.2017 | 60,000 | |

| | | | | |
|---|---|---|---|---|
| 12 | ബീഫാത്തിമ മുഹമ്മദ് ഷരീഫ്, നിട്ടുംവംപാടി, ഇച്ചിലംപാടി | NEFT dated 04.03.2017, | 80,000 | 60,000 |
| | | NEFT dated 20.03.2017 | 60,000 | |

ഭവന നിർമ്മാണം ( വനിത) 2015-16

| ക്രമ നമ്പർ | പേരും വിലാസവും | ചെക്ക് നമ്പർ - തീയതി | തുക | നൽകാനുള്ള തുക |
|---|---|---|---|---|
| 1 | ഉമ്മാലിമ്മ, w/oമൂസ, ചട്ടത്തൂർ ഹൌസ്, ബംബ്രാണ | 187149 dated21.03.2016, | 80,000 | 60,000 |
| | | 187620 dated 29.03.2016 | 60,000 | |
| 2 | ജമീല,w/oഅബ്ദുൽ റഹ്മാൻ, ബായിക്കട്ട ഹൌസ്, ബംബ്രാണ | 187619 dated 29.03.2016 | 80,000 | 1,20,000 |
| 3 | സത്യ ശങ്കരി, w/o വിട്ടൽ ഷെട്ടി, കാരിഞ്ച ഹൌസ്, കളത്തൂർ, ഇച്ചിലംപാടി | NEFT dated 04.03.2017, | 80,000 | 60,000 |
| | | NEFT dated 20.03.2017 | 60,000 | |
| 4 | വീണ, w/o(L)ജനാർദ്ദൻ, രക്തേശ്വരി കട്ട, കഞ്ചിക്കട്ട, കുമ്പള | NEFT dated 23.02.2017, | 80,000 | 60,000 |
| | | NEFT dated 20.03.2017 | 60,000 | |
| 5 | ബേബി, w/o(L)ബാബു പൂജാരി, കുണ്ടങ്കാരട്ക്ക, കുമ്പള | NEFT dated 04.03.2017T | 80,000 | 60,000 |
| | | NEFT dated 20.03.2017 | 60,000 | |

## 3-17 ആശ്രയ പദ്ധതി പ്രവർത്തനം മന്ദഗതിയിൽ - ചെലവഴിക്കുവാൻ അവശേഷിക്കുന്നത് 20,28,563/-ലക്ഷം രൂപ

സമൂഹത്തിൽ ഒറ്റപ്പെട്ടുപോയ പാർശ്വവൽക്കരിക്കപ്പെട്ട അശരണരായ അഗതികളെ കണ്ടെത്തി പുനരധിവസിപ്പിച്ച് അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ട് വരിക എന്ന മഹത്തായ ലക്ഷ്യത്തോടെ നടപ്പിലാക്കുന്ന അഗതി-ആശ്രയ പദ്ധതി നടത്തിപ്പിൽ കുമ്പള ഗ്രാമപഞ്ചായത്ത് സി.ഡി.എസ്. അലംഭാവം കാണിച്ചതിനാൽ പദ്ധതിക്കായി അനുവദിച്ച തുകയിൽ ചെലവഴിക്കാതെ വലിയ തുക നീക്കിയിരിപ്പായി കിടക്കുന്നു. ഭക്ഷണം, ചികിത്സ, വീട്, സ്ഥലം, കുടിവെള്ളം, സ്വയംതൊഴിൽ അങ്ങനെ എല്ലാ മേഖലകളിലുമുള്ള പുനരധിവാസമാണ് അഗതി-ആശ്രയ പദ്ധതികൊണ്ട്

ഉദ്ദേശിക്കുന്നത്. പക്ഷെ കുമ്പള ഗ്രാമപഞ്ചായത്ത് സി.ഡി.എസ് ഇതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ പിന്നോക്കം പോയിരിക്കുന്നു എന്നാണ് ചെലവ് കണക്കുകൾ പരിശോധിച്ചതിൽ നിന്നും ഓഡിറ്റ് വിലയിരുത്തുന്നത്. നിലവിൽ അഗതി-ആശ്രയ പദ്ധതിയുടെ ഒന്നാം ഘട്ടത്തിന്റെ പ്രവർത്തനങ്ങൾക്കായി നാളിതുവരെ വർഷങ്ങളിലായി ലഭിച്ച പലിശയടക്കം ആകെ 15,28,453/-രൂപ അക്കൗണ്ട് നം.150081201000037 Kasaragod District Co-op.Bank, Kumbla യിൽ നീക്കിയിരിപ്പിണ്ട്. ആകെ 69 ഗുണഭോക്താക്കളെയാണ് ഒന്നാം ഘട്ടത്തിൽ അഗതി-ആശ്രയ പദ്ധതിക്കായി തെരെഞ്ഞെടുത്തത്. ഈ 69 ഗുണഭോക്താക്കൾക്ക് വേണ്ടി 2016-17വർഷത്തിൽ ചെലവഴിച്ചത് ഏകദേശം 9,696/- രൂപ മാത്രമാണ്.

ആശ്രയ രണ്ടാം ഘട്ട പദ്ധതിയ്ക്കായി 5ലക്ഷം രൂപ ചാലഞ്ച് ഫണ്ടിന്റെ ആദ്യഗഡു കുടുംബശ്രീ മിഷനിൽ നിന്നും 26-01-2016 ൽ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. രണ്ടാം ഘട്ട ത്തിൽ ലഭ്യമാകിയ തുക 01.02.2017 ലെ കേരളാ ഗ്രാമീൺ ബാങ്ക് അക്കൗണ്ട് പ്രകാരം പലിശയടക്കം ആകെ ബാലൻസ് 5,00,110/- രൂപയാണ്(അക്കൗണ്ട് നം.40517100005969). 2016-17വർഷങ്ങളിൽ യാതൊരു പ്രവർത്തനവും നടത്തിയിട്ടില്ല എന്നാണ് സി.ഡി.എസ് ചെയർ പേഴ്സൺ അറിയിച്ചത്. ഇക്കാര്യം പരിശോധിച്ച് നിലവിലുള്ള സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് പുതുക്കിയ ആശ്രയ പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുവാൻ ഭരണസമിതി തലത്തിൽ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-18 തെരുവ് വിളക്കുകൾ മുഴുവനും സ്ഥാപിച്ചിട്ടില്ല

ഓഡിറ്റ് വർഷം നടപ്പാക്കിയ പ്രൊ.നം 56/16-17 പ്രകാരം തനതു ഫണ്ടിൽ 7,29,600/-രൂപ ചെലവഴിച്ച് 192 എണ്ണം 124 W LED തെരുവ് വിളക്കുകളും അനുബന്ധ ഉപകരണങ്ങളും ഗ്രാമ പഞ്ചായത്തിൽ വാങ്ങിയിട്ടുണ്ട്. എന്നാൽ ഇതിൽ 175എണ്ണം സ്ഥാപിച്ചത് സംബന്ധിച്ച് ബന്ധപ്പെട്ട് ഗ്രാമ പഞ്ചായത്ത് മെമ്പർമാർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. അവശേഷിച്ച 17സ്ട്രീറ്റ് ലൈറ്റുകൾ ഇതുവരെയും സ്ഥാപിച്ചിട്ടില്ല. ഇവ ഗ്രാമ പഞ്ചായത്തിൽ സൂക്ഷിച്ചിരിക്കുകയാണെന്ന് അധികൃതർ അറിയിക്കുകയുണ്ടായി. അവശേഷിക്കുന്ന തെരുവ് വിളക്കുകൾ എത്രയും വേഗം സ്ഥാപിക്കുവാൻ നടപടികൾ സ്വീകരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

# ഭാഗം-4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| സാമൂഹ്യനീതി ഓഫീസർ-കാസറഗോഡ് | 2016-17 | 1,50,000 | ശാരീരിക മാനസീക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് (പ്രോജക്ക്ട് നം-85/16-17) | 1,49,700 | 300 |
| ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസ്- | 2016-17 | 4,03,500 | ഗാർഹിക കക്കൂസ് നിർമ്മാണം (പ്രോജക്ക്ട് നം-212/16-17) | 4,03,500 | 0 |

| | | | | | |
|---|---|---|---|---|---|
| കാസറഗോഡ് | | | | | |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ചതുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി കുമ്പള | കുമ്പളഗ്രാമ പഞ്ചായത്തിലെ വിവിധ സ്ഥലങ്ങളിലേക്ക് സ്ട്രീറ്റ് ലൈൻ നീട്ടലും കൺട്രോൾ ലൈൻ സ്ഥാപിക്കലും (പ്രോജക്ക്ട്നം-235/16-17) | 21600998 | 11,64,900 | 11,64,900 | ഇല്ല |
| കെ.എസ്.ഇ.ബി കുമ്പള | സമ്പൂർണ്ണവൈദ്യുതീകരണം പഞ്ചായത്ത് വിഹിതം ഒടുക്കൽ (പ്രോജക്ക്ട്നം.243/16-17) | 21601208 | 3,85,949 | 3,85,949 | ഇല്ല |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല.

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ / തീയതി |
|---|---|---|---|---|
| 2014-15 | 3-2 | 23,035 | ശ്രുതി.എം.കെ, അസി.എഞ്ചിനീയർ, എൽ.എസ്.ജി.ഡി | 11609106260/ 03.11.2016 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് റിപ്പോർട്ട് | | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | | വിഷയം | നിലവിലെ സ്ഥിതി |
|---|---|---|---|---|---|
| വർഷം | ഖണ്ഡിക നം. | വർഷം | ഖണ്ഡിക നം. | | |
| 1997-98 | 28 | 2001-02 | 14-1 | കുഴൽക്കിണർ- വിൽപ്പന നികുതി ഈടാക്കാത്തത് | തൽസ്ഥിതി തുടരുന്നു |
| 1997-98 | 31 | 2001-02 | 14-2 | ആട്, പശു വിതരണം- അധിക സബ്സിഡി | തൽസ്ഥിതി തുടരുന്നു |
| 2000-01 | 14 | 2007-08 | 3-66-3 | ഭവന നിർമാണ ബോർഡ് നിക്ഷേപം- വിനിയോഗ വിവരങ്ങൾ ഇല്ലാത്തത് | തൽസ്ഥിതി തുടരുന്നു |
| 2013-14 (വിഷയാധിഷ്ഠിത അവലോകനം | - | 2013-14 | 5-2 | ത.സ്വ.ഭ.സ്ഥാപനങ്ങളും വിദ്യാഭ്യാസവും | തൽസ്ഥിതി തുടരുന്നു |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 12,18,33,135 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 11,83,97,681 |
| വരവിനങ്ങളിലുള്ള നഷ്ടം | 7,350 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 7,140 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 11,51,292 |

ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 950 | -- | എൻ.ചന്ദ്രശേഖരൻ. സെക്രട്ടറി |
| 2-3 | 6,400 | - | എൻ,ചന്ദ്രശേഖരൻ. സെക്രട്ടറി |

| | | | |
|---|---|---|---|
| 3-13 | | 7,140 | പ്രശാന്ത് കുമാർ<br>സെക്രട്ടറി |
| ആകെ | 7,350 | 7,140 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 50,000 | രാമചന്ദ്ര ഭട്ട്, ഹെഡ് മാസ്റ്റർ |
| 3-2 | 5,26,232 | പ്രശാന്ത് കുമാർ, സെക്രട്ടറി |
| 3-5 | 200,000 | ഡോ.രശ്മി |
| 3-10 | 2,88,091 | പ്രശാന്ത് കുമാർ, സെക്രട്ടറി |
| 3-11 | 47,579 | ഡോ.സുബ്ബ ഗട്ടി |
| 3-14 | 39,390 | രാമചന്ദ്ര ഭട്ട്, ഹെഡ് മാസ്റ്റർ |
| ആകെ | 11,51,292 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

2-7.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ചന്ദ്രശേഖരൻ.എൻ<br>സെക്രട്ടറി | റിട്ടയേർഡ് | ബട്ടത്തൂർ ഹൗസ്സ്<br>പനയാൽ.പി.ഒ<br>കാസർഗോഡ് |
| പ്രശാന്ത് കുമാർ<br>സെക്രട്ടറി | സെക്രട്ടറി, കുമ്പള ഗ്രാമ പഞ്ചായത്ത് | വീവേഴ്സ് കോളനി,<br>ഡി.ഒ.ആർ.നഗർ,<br>കാസർഗോഡ് |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1984-85 | LFC7/1571/89 Dated 08.12.1989 | 12 |
| 1986-87 | LFC7/1542/91 Dated,21-12-91 | 13 |
| 1987-88/88-89 | LFKSD1/131/94 Dated, 24.06.96 | 6 |
| 89-90, 90-91 | LFKSD5/354/99 Dated 08.12-99 | 3 |
| 91-92/92-93 | LFKSD5/306/2000 Dated 14-02-01 | 8 |
| 93-94 to 95-96 | LFKSD6/594/04 Dated 11.05.05 | 1 |
| 96-97 | LFKSD6/826/04, Dated 11.05.05 | 8 |
| 96-97(Expt) | LFKSD5/38/98 Dated 10.01.02 | 12 |
| 97-98 (do) | LFKSD5/293/01 Dated 17.09.01 | 22 |
| 97-98 | LFKSD1/579/05 Dated 07.12.05 | 8 |
| 98-99 (Plan Fund) | LFKSD6/354/04 Dated 11.01.06 | -- |
| 99-00(do) | LFKSD6/358/04/Dated 11.01.06 | 4 |
| 00-01(do) | LFKSD6/365/04/ Dated, 11.01.06 | 7 |

| | | |
|---|---|---|
| 2001-02 (do) | LFKSD6/359/04, Dated, 11.01.06 | --- |
| 2000-01(final) | LFKSD4/681/06, Dated, 09.03.07 | 15 |
| 1999-00(do) | LFKSD4/680/06, Dated, 15.02.07 | 14 |
| 98-99(do) | LFKSD6/120/06 Dated 23.01.07 | 9 |
| 2001-02(do) | LFKSD4/985/08 Dated,04.06.09 | 6 |
| 2002-03 | LFKSD4/986/08, Dated, 9.09.09 | 10 |
| 2003-04 | LFKSD4/222/09 Dated, 13.07.10 | 8 |
| 2004-05 | LFKSD4/229/09 Dated, 26.08.10 | 10 |
| 2005-06 | LFKSD4/230/09/Dated,27.08.10 | 15 |
| 2006-07 | LFKSD4/406/09 Dated, 27.09.10 | 18 |
| 2007-08 | LFKSD4/466/09 Dated, 28.08.11 | 8 |
| 2008-09 | LFKSD4/166/12 Dated, 09.08.12/11.12.12 | 18 |
| 2009-10&2010-11 | LFKSD4/125/13 Dated, 27.07.13 | 22 |
| 2011-12 | LFKSD4/921/13, Dated,12.6.14 | 20 |
| 2012-13&2013-14 | LFKSD8/ 28/15, Dated, 09.11.15 (FR) | 19 |
| 2014-15 | KSA-KSD6/664/2015 dated 11.07.2016 | 15 |

| | | |
|---|---|---|
| 2015-16 | KSA-KSD6/33/2017dated 17.01.2017 | 8 |

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്.

## <u>അനുബന്ധം 1</u>

# <u>AUDIT CERTIFICATE</u>

No. KSA-KSD-/6/732/2017.

Kerala State Audit Department,

District Audit Office, Kasaragod – 671123.

E-mail:- doksd.ksad@kerala.gov.in

Phone: 04994-256690.

Dated : 05.07.2017.

Certified that, I have audited the Annual Financial Statement of Kumbala Grama Panchayat in Kasaragod District for the year ended on 31.03.2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Kumbala Grama Panchayat for the year 2016-17, except the observations in Part 2 and part 3 of my audit report, properly presents the picture of income and

expenditure.

Deputy Director,

Kerala State Audit Department,

District Audit Office, Kasaragod.

ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ.എസ്.എകെ.എസ്.ഡി-/6/732/2017.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ് -671123.

E-mail:- doksd.ksad@kerala.gov.in
Phone: 04994-256690.

തീയതി..05.07.2017.

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും കാസറഗോഡ് ജില്ലയിലെ കുമ്പള ഗ്രാമ പഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ, എന്റെ അഭിപ്രായത്തിൽ, കുമ്പള ഗ്രാമ പഞ്ചായത്തിന്റെ 2016-17-ലെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്.